g. No. T. 125 പത്രാധിപർ ആർ. കൃഷ്ണൻനായർ Licence No. 680 dated 22-9-1949

27-11-4

# വികടകേസരി

## രാഷ്ട്രീയ വിനോദ മാസിക.




ഒരുകൊല്ലത്തേയ്ക്കു് 2 രൂ. ഒററപ്രതി 3 ണ.

**WHEN YOU HAVE TO BUY OR SELL ANYTHING IN JEWELLERY, PLEASE CONSULT**

# T. S. S. MANI & CO.,

**Jewellers and Dealers in Precious stones**

MAIN ROAD : : : TRIVANDRUM.



*Our Speciality:*

Reliable and Fashionable Ornaments and Silverwares. Made to suit everyone's TASTE and PURSE

**A TRIAL WILL CONVINCE**

---

ഈ സുവർണ്ണാവസരം പാഴാക്കരുതെ!

യാത്രക്കാരുടെ സുഖസൗകര്യങ്ങളെ ഉദ്ദേശിച്ച് പ്രസിദ്ധപാചകരാൽ തയാറാക്കപ്പെടുന്ന എല്ലാവിധ പാനീയപദാർത്ഥങ്ങളും എപ്പോഴും തയാർ.

**— കുമാർ കേഫ് —**

പഞ്ചാപ്പുരമുക്ക് — പാളയം.

പ്രൊ, എ. കുമാർ.

---

സന്ദർശിക്കുക! എവിടെ! എന്തിന്!

നിങ്ങൾ ചാല കമ്പോളത്തിൽ വരുമ്പോൾ ഞങ്ങളുടെ വിലാസം സൂക്ഷിക്കുക! മാതൃകപരമായി സ്ഥാപിച്ചിട്ടുള്ള വെങ്കലപാത്രക്കടയിൽ എല്ലാവിധ ഓട്ടുപാത്രങ്ങളും സത്യസന്ധതയോടുകൂടി മിതമായ വിലയ്ക്കു ഇവിടെ കിട്ടുന്നതാണ്.

**M. A. M.** ഹനീഫ് & ബ്രദേഴ്സ്,

ചാല, തിരുവനന്തപുരം.

---

Visit—

**NEW RESTAURANT**

THAMPANOOR—TRIVANDRUM.

ഇവിടെ രുചിയും, ശുചിയുമുള്ള പാനീയപദാർത്ഥങ്ങൾ സദാ തയാർ.

Pro: V. Bhaskara Pillai.

---

Visit—

**SANTA BAKERY**

ഒന്നാംതരം കേക്കുകൾ, ബന്നുകൾ, ബിസ്കറ്റുകൾ ആവശ്യമുള്ളവർ പുളിമൂട്ടിൽ സ്ഥാപിച്ചിട്ടുള്ള ഞങ്ങളുടെ വിലാസം സൂക്ഷിക്കുക!

# VIKATA KESARI

പുസ്തകം 1 | നവംബർ 1949. | ലക്കം 1

4507

## നമസ്തേ

മിന്നൽ വേഗത്തിൽ കാലം മുന്നോട്ടുപായുന്നു; കഴിഞ്ഞ സംഭവങ്ങളെല്ലാം കടങ്കഥകളായി തീരുന്നു; പറഞ്ഞുതീർത്ത വാക്കുകൾ പഴമൊഴികളായി മറയുന്നു.

പുതുമയെ പ്രതീക്ഷിച്ചുകൊണ്ടുള്ള അവിശ്രമമായ പ്രവർത്തനം!. പരിവർത്തനം കൊതിച്ചുകൊണ്ടുള്ള പ്രയാണം! എങ്ങോട്ടുപോകുന്നു? എവിടെ അവസാനിക്കാൻ? ആവോ! ആർക്കറിയാം.

രാഷ്ട്രീയവും ദേശീയവുമായ സംഭവവികാസങ്ങൾ പലതും ഉരുണ്ടു നീങ്ങി. പലതും ഉരുളുന്നു. പലതും അടുത്ത നിമിഷത്തിൽ ഉരുളാനിരിക്കുന്നു. ജീവിതവൈഷമ്യങ്ങൾ അടിക്കടി മനുഷ്യരെ ആവേശപൂർവ്വം അഭിമുഖീകരിക്കുന്നു. ചിരിക്കാനൊന്നുമില്ലാതെ ചിന്തിച്ചു ചിത്തഭ്രമം പിടിക്കുന്ന ചോദ്യങ്ങൾ, അനവധി അവന്റെ മുൻപിൽ അണിനിരക്കുന്നു. വിശപ്പിന്റെ വിപ്ലവാഹ്വാനം അവന്റെ ചെവിയിൽ പ്രതിധ്വാനിക്കുന്നു.

അങ്ങിനെ ആകപ്പാടെ അസ്വാസ്ഥമായ പരിസരം!!!

എങ്കിലും നമുക്കു ചിരിക്കണം; തലയറഞ്ഞു ചിരിക്കണം. ചിരിയിൽക്കൂടി ചിന്തിക്കണം; ജീവിതക്ലേശങ്ങൾ കുറയ്ക്കണം. അതോടൊന്നിച്ച് ചൂഷണങ്ങളിൽനിന്നും ഒഴിഞ്ഞുനില്ക്കുവാൻ ശ്രമിക്കണം; നാം രാഷ്ട്രീയമായി ഉയരണം.

അസത്യത്തേയും അധർമ്മത്തേയും നിർഭയം ജയിക്കണം. മഹാത്മജിയുടെ ആദർശം നമ്മുടെ ജീവിതത്തിൽ പകർത്തണം.

അതാണു ഞങ്ങളുടെ ലക്ഷ്യം. കൊയ്ത്തുകാലത്തിലെ കുരുവിക്കൂട്ടംപോലെ പത്രപ്രവർത്തനത്തിന്റെ കൂടിളകിയ കാലമാണിതെന്നോർക്കാതെയല്ല ഞങ്ങൾ ഈ സംരംഭത്തിനു തുനിഞ്ഞത്. കരിയാത്തുകഷായംപോലെ കയ്ക്കുന്ന ഒരു സാധനമാണു രാഷ്ട്രീയം എന്നറിയാത്തതുകൊണ്ടുമല്ല, ഞങ്ങളുടെ സദുദ്ദേശത്തെ വിജയത്തിലെത്തിക്കുവാൻ വിനീതമായി അഭ്യർത്ഥിച്ചുകൊണ്ട്, ന മ സ്തേ.

# ലേഡീകണ്ടക്ററർ

(ഡ്രൈവർ)

ഹൃദയം കിക്കിളിയാകുന്ന ഒരു ജനകീയ പരിഷ്കാരമാണ് ലേഡീകണ്ടക്ററർ നിയമനം! തിരുവാംകൊച്ചി ഐക്യനാട്ടിൽ അഭിമാനംനേടാവുന്ന ഒരൊററ നിയമമെങ്കിലും ഉണ്ടാകുമെങ്കിൽ അതു് വനിതാകണ്ടക്ററർ നിയമനം സംബന്ധിച്ച റഗുലേഷൻ മാത്രമാണ്. ഡ്റൈവർ അതിനെ സർവ്വശക്തിയും ചെലുത്തി പ്രേരിപ്പിക്കുന്നു, ശുപാർശചെയ്യുന്നു.

ചെന്നപട്ടണം പിത്തലാട്ടക്കച്ചേരിയിൽ (മദ്രാസ് അസംബ്ളി) സജീവമായ വാദപ്രതിവാദത്തിനുശേഷം മന്ത്രിമണ്ഡലത്തിന്റെമേൽകോട്ടയിൽ കോളിളക്കമുണ്ടാക്കി പുരുഷവർഗ്ഗത്തെ അമ്പരിപ്പിക്കുന്ന ഒരു തീരുമാനത്തിൽ എത്തിച്ചേർന്ന സുപ്രധാനവിഷയമാണു വനിതാ കണ്ടക്ററർ നിയമനം. നമ്മുടെ തിരുവാംകൊച്ചിയിലെ പൌരാവലിയുടെ വിനീതവും വ്യക്തിപരവുമായ അഭിപ്രായവുമൊഴിച്ചാൽ, ആണും പെണ്ണും ആർത്തുവിളിക്കുന്ന ഒററ ശബ്ദമുണ്ടെങ്കിൽ അതു് "ലേഡീകണ്ടക്ററർ സിന്ദാബാദ്" ആയിരിക്കും.

മന്ത്രി മുതൽ മുൻസിപ്പാലിററിവരെയുള്ള ഉദ്യോഗങ്ങൾക്ക് ആണുങ്ങളോടൊപ്പം പെണ്ണുങ്ങൾക്കും ത്രാണിയും കാര്യക്ഷമതയുമുണ്ടെന്നു് ജനകീയക്കാരും, ദേശീയക്കാരും, ജാതിക്കാരും, ഇസക്കാരും തലകുലുക്കി സമ്മതിക്കുമ്പോൾ ബസ്സുകളിൽ ആളുകയററി ചക്രം മേടിക്കാനുള്ള ഒരു യാന്ത്രികമായ തൊഴിലിനു പെണ്ണുങ്ങൾ പററിയവരല്ലെന്നു പറയുന്നതു കുശുമ്പും കൊള്ളരുതായ്മയുമല്ലേ? പെണ്ണുങ്ങളുടെ നിയന്ത്രണത്തിലുള്ള സർവീസുകൾ കൂടുതൽ ആദായകരമായിരിക്കുവാനേ വഴിയുള്ളു.

ഡ്റൈവർ ഒരു ബസ്സ്യാത്രക്കാരനും കൂടിയാണ്. അനുഭവം കൊണ്ടറിഞ്ഞ ഒരു പരമാർത്ഥം പറഞ്ഞുപോകുന്നതിൽ ആരും പരിഭവിക്കരുതേ! ഒരു ബസ്സിനകത്തു് ഒരു സ്ത്രീ കൂടിയുണ്ടെങ്കിൽ ബസ്സോടിക്കുന്നതിനെന്നപോലെതന്നെ ബസ്സിൽ യാത്രചെയ്യുന്നതിനും ഒരു ചെറിയ സുഖമുണ്ട്. ഓവർലോഡായിരുന്നാലും, ഓവർസ്പീടിൽ ഓടിയാലും ഒരു വൈഷമ്യവും കൂടാതെ ഞെരുങ്ങിയും തൂങ്ങിയും വിയത്തൊലിച്ചും യാത്രക്കാർ അച്ചടക്കം പാലിക്കുന്നതു് വനിതയുടെ വശീകരണശക്തികൊണ്ടല്ലെങ്കിലും, അവളറിയാതെ അവളുടെ ശരീരലാവണ്യം ആസ്വദിച്ചുകൊണ്ടായിരിക്കും. അതുകൊണ്ടു തീർച്ചയായും സ്ത്രീ സർവീസ് ബസ്സിലും ഒരു അനുഗ്രഹം തന്നെയാണ്. അവൾ ഒരു കണ്ടക്ടർ കൂടിയാണെങ്കിൽ!

എങ്കിൽ ഞെക്കും ഞെരുക്കം ബസ്സിൽ വർദ്ധിക്കും; ടിക്കററു നിശ്ചയമായും ഡിമാൻറു ചെയ്യും. ചില്ലറകൂടാതെ സഞ്ചരിക്കാൻ ശ്രമിക്കും; ചില്ലറചോദിക്കാതിരിക്കാൻ ഉത്സാഹിക്കും; എങ്കിലും ചില്ലറ ഇല്ല എന്നു കണ്ടക്ടർ പറയുന്നതുകേൾക്കാൻ കൊതിക്കും; ഫുട്ടുബോർഡിൽ കാളേജ് വിദ്യാർത്ഥികൾ കൂട്ടം കൂട്ടം; സ്റ്റാഫ് പാസോടുകൂടി യാത്രചെയ്യും; ഡിപ്പാർട്ടുമെൻറിൽ ആദായം വർദ്ധിക്കും.

എന്തു്. എങ്ങനെയിരിക്കുന്നു? കാര്യക്ഷമത! ആദായവർദ്ധനവു്!!!

എന്നാൽ തനി ദേശീയന്തുററാങ്കിൽപോലും ചില വോട്ടുപിടുത്തക്കാരും മന്ത്രിമാരുടെ ചുമ്മാ സി. ഐ. ടി, ക്കാരും വനിതാ കണ്ടക്ററർ പ്രസ്ഥാനത്തെ മനപൂർവ്വം പ്രതിഷേധിച്ചു ചില മുടന്തൻന്യായങ്ങൾ ഉന്നയിക്കുന്ന

തായി അറിയുന്നു. ഒരു കിഴവൻ പട്ടാളമേധാവി ഈയിടെ പരസ്യമായി പറയുകയുണ്ടായി പെണ്ണുങ്ങൾ പ്രസവിക്കുകയും കുഞ്ഞുങ്ങളെ വളർത്തുകയും ചെയ്താൽ മാത്രം മതിയെന്ന്. വേറൊരു ജാംബവാൻ ഖദർ ധാരി കൊച്ചു പെണ്ണുങ്ങളെ കുടുംബിനിമാരാക്കാൻ ശ്രമിക്കുന്നു. മററു പല ഗാന്ധിത്തൊപ്പികളും, സ്ത്രീകളെ മൂടുപടത്തിൽ പൊതിഞ്ഞുകൊണ്ടു നടക്കുന്നു അമ്പോ! അവരുടെ മനസ്ഥിതി ഇത്ര ഇടുങ്ങിയതോ?

അതുപോലെ വിചിത്രമായ വേറൊരുവാദമുഖമാണ്, മററുചിലർ ഉന്നയിക്കുന്നതു്. ബസ്സുയാത്രയിൽ സ്ത്രീകൾക്കു തലക്കറക്കവും ഛർദ്ദിയുമുണ്ടാകുംപോലും. അതിൽ അവർ സ്വാഭാവികമായി പരിചയമുള്ളവരല്ലേ? പിന്നെ എന്തിനു പേടിക്കണം! ഡ്രൈവറന്മാർ സ്റ്റീയറിംഗിൽ കയ്യും ഫുഡ്ബോർഡിൽ കണ്ണുമുറപ്പിച്ചു കൊണ്ടു വണ്ടി ഓടിക്കുമെന്നു ഒരു ബാലിശവാദം മുഴക്കുന്നവരോടു പറയാനുള്ളതു് ഡ്രൈവറുടെ സമീപത്തു് കണ്ടക്ററർക്കു ഒരു സീററു കൊടുക്കണമെന്നുമാത്രമാണ്, അതിനാൽ ആരും അസൂയപ്പെടുകയും വേണ്ട. പരിഭവിക്കാനുമില്ലാ! നിയമംമൂലം നിത്യകന്യകാത്വത്തിനു വനിതാ കണ്ടക്ടറന്മാരെ വിധേയരാക്കണമെന്നു ചില പാതിരിമാർ ഇടയലേഖനം പ്രസിദ്ധപ്പെടുത്തിയേക്കാം. ശ്രീ പട്ടം താണുപിള്ള മെമ്പറായതിനുശേഷമുള്ള ഇൻഡ്യൻ സോഷ്യലിസ്ററുപാർട്ടി, പണിമുടക്കിനും പാടുകിടപ്പിനും പെണ്ണുങ്ങൾ പററിയവരെല്ലെന്നു വാദിച്ചേക്കാം. എങ്കിൽ വനിതകളേ! നിങ്ങൾ "മുഷ്ടി ചുരുട്ടിയും, ഇങ്കിലാബ് വിളിച്ചും" അവകാശം പിടിച്ചുപററണമെന്ന് സ്റൈറവർ ആഹ്വാനം ചെയ്യുന്നു.

വനിതാ കണ്ടക്ടരുടെ വേഷവിധാനത്തിലും പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതുണ്ടു്. കാക്കിയിൽ പൊതിഞ്ഞ വേഷവും തോളിൽ തൂക്കുന്ന തോലുറയും സ്ലേററുപോലുള്ള റാക്കും അവർക്കു പററിയതല്ല. വെളുത്ത സാരിയും ബ്ളൗസും തോൽ ബാഗും കണ്ടക്ടർക്കു കാലപ്പഴക്കത്തിനില്ല. തവിട്ടുനിറത്തിലെ ഖദർ മുണ്ടും ഷാലും പാളത്തൊപ്പിയും ഫാഷനായിട്ടു സ്വീകരിക്കാം. കണ്ണട വയ്ക്കുന്നതു ശരിയല്ല. റാക്കും വിസിലും വേണമെന്നില്ല.

വനിതാകണ്ടക്ടർമാരുടെ നിയമനത്തോടുകൂടി ഡിപ്പാർട്ടുമെൻറും പരിഷ്കരിക്കേണ്ടതുണ്ടു്. വിദ്യാഭ്യാസവകുപ്പിൽ പണ്ടു ഉദ്യോഗത്തിലിരുന്ന ശ്രീ വേലുപ്പിള്ളയെ സ്റ്റേ: ട്രാൻസ്പോർട്ടുഡയറക്ടരാക്കിയിട്ടുണ്ടു്. അങ്ങിനെ മുൻപതിവിനെ തുടന്ന്, വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിൽനിന്ന് ശേഷിമാനായ ഒരു ഉദ്യോഗസ്ഥനെത്തന്നെ ഇനിയും ഡയറക്ടരാക്കണമെന്ന്- ഡ്രൈവർ നിർദ്ദേശിക്കുന്നു. അദ്ദേഹം വനിതാകണ്ടക്ടർമാരുടെ നിയമനത്തിലും, പ്രമോഷൻ കൊടുപ്പിലും മററു സകല കാര്യങ്ങളിലും സാമർത്ഥ്യമുള്ളവനല്ലെന്ന് ആരെങ്കിലും പറയുമോ? ആരെയാണു ഡ്രൈവർ സൂചിപ്പിച്ചിരിക്കുന്നതെന്നു അറിയാൻ പാടില്ലാത്തവർ ഐക്യസംസ്ഥാനത്തുണ്ടെങ്കിൽ........

VISIT, CENTRAL CAFE
Near Central Theatre
Pazhavangadi, Trivandrum,
സന്ദർശിക്കുവിൻ!
സെൻട്ററൽ കഫേ
സെൻട്രൽ തീയേററിനു സമീപം പഴവങ്ങാടി, തിരുവനന്തപുരം.
Prop: T. P. T. Nair.

# "ഭരണമേധാവി"

ചെമ്പകനാടൻ. പി: വി.

ഒന്നു പ്രസവിക്കാം; ഒന്നു മരിക്കാം; എന്നാൽ ഒരു പ്രസ്ഥാനത്തിന്റെ നേതാവാകുക എന്നതു് അസഹ്യമാണു്. എത്രവർഷത്തെ തുടർച്ചയായ മരണവേദനയുടെ ഫലമാണു് അവസാനത്തെ ഒരു പദപ്രാപ്തി; അനുഭവിച്ചവർക്കല്ലേ അറിയാവൂ. അമേരിക്കൻ പ്രസിഡന്റും, ഇംഗ്ലീഷ് പ്രധാനമന്ത്രി റഷ്യൻ ഭരണമേധാവി എന്നുവേണ്ട ഏതു മഹാസ്ഥാനലബ്ധിയും എത്ര വർദ്ധിച്ച ക്ലേശത്തിന്റെ പരിണതഫലമാണെന്നു് അതിൽ പ്രവർത്തിച്ചവർക്കേ അറിയാവൊള്ളൂ.

സുവിസ്തൃതമായ ഒരു സാമ്രാജ്യത്തിന്റെ ഭരണാധികാരിയായി ഒരു സാധാരണ മനുഷ്യൻ ഉയരുക എന്നുവച്ചാൽ—കാൺഗ്രസുകാരും കമ്മ്യൂണിസ്റ്റുകാരും സോഷ്യലിസ്റ്റുകാരും ഇടകലർന്നു ഒരു ജനതയുടെ സൃഷ്ടി സ്ഥിതിസംഹാരകനായിത്തീരുക—എന്നുവെച്ചാൽ—എന്തൊന്നാണു്. അഹോ! ഓർക്കാനരുതാത്ത മഹാഭാഗ്യം എന്നല്ലാതെ എന്താണതിനു് വേറെ ഒന്നുപറയാൻ!

പ്രാരബ്ധങ്ങൾ പരിരംഭണംചെയ്യുന്ന അസുഖകരങ്ങളായ ദിനരാത്രങ്ങളും, മനഃക്ലേശം വിട്ടുമാറാത്ത വിനാഴികകളും, നിരൂപണങ്ങളും, പരിഹാസങ്ങളും നിറഞ്ഞ അന്തരീക്ഷവും ആയിരിക്കാം അനുഭവത്തിൽ വരുന്നതെങ്കിലും, ആ സ്ഥാനലബ്ധി—വാസ്തവത്തിൽ ഒരു സ്വർഗ്ഗീയാനുഭവസുഖം പ്രദാനം ചെയ്യുന്നുണ്ടായിരിക്കാം. പ്രധാനമന്ത്രി—പ്രസിഡണ്ടു്. വിദേശകാര്യമന്ത്രി വൈസ്രോയി — പിന്നൊന്തൊക്കെയോ? സ്ഥാനമാനങ്ങൾ-

എന്നാൽ ഇതിലൊക്കെ എത്രയോ പരിപൂജ്യമാണു് സർവ്വസുന്ദരമായ "ഡ്രൈവർപദം" മോട്ടോർഡ്രൈവർ. അതു:കേൾക്കുമ്പോൾതന്നെ നമ്മുടെ മനസ്സു് എത്ര ദൂരം സഞ്ചരിച്ച ഒരു സുഖമാണനുഭവിക്കുന്നതു്; എത്ര വിദഗ്ദ്ധമായ ഒരു പുരുഷകേസരിയെയാണു് മനോമുകുരത്തിൽ കാണുക. ചൂടാറാത്ത തേച്ച ഷർട്ടു്, വിരലിലെല്ലാം മോതിരം, കണ്ഠമാല, കുടക്കടുക്കൻ, നിലത്തിഴയുന്ന ഡോത്തി—(അതിപ്പോൾ കാക്കി ട്രൌസറായി മാറിപ്പോയി) വില്ലുപോലെ വളഞ്ഞു പററിപ്പിടിച്ചിരിക്കുന്ന ഒരു റിസ്റ്റുവാച്ചു്, സദാ പുകവമിക്കുന്ന വായു്, പതറിച്ചുരിക്കുന്ന ചീകിയ മുടി, ഷൂ, ഭംഗിയേറിയ ഫ്രെയിം പിടിപ്പിച്ച കണ്ണട—ഒന്നാലോചിച്ചുനോക്കണം ആ വേഷവിധാനങ്ങൾ. ചില ഇംഗ്ലീഷ്-ഹിന്ദി പദപ്രയോഗവും, ആരെയും കൂസാത്ത അലസഭാവവും.

ഏതൊരു പ്രധാനമന്ത്രിയാണു് ഒരു മോട്ടോർഡ്രൈവറേക്കാൾ മെച്ചം. വേണ്ട. ഏതൊരു അമേരിക്കൻ പ്രസിഡണ്ടാണു് തന്റെ ആയുസ്സിനുവേണ്ടി ഡ്രൈവർമഹാനെ അഭയം പ്രാപിക്കാത്തതു്. ഹിമാചലംമുതൽ അറബിക്കടൽവരെയോ അററ്ലാൻറിക്കുമുതൽ പസഫിക്കുവരെയോ വിസ്തൃതമായ മഹാരാജ്യങ്ങളെ ഒന്നടങ്കം ഭരിക്കുന്ന ഭരണമേധാവിയും, പൊന്നുടയനേ! ഡ്രൈവറുസാറേ! എന്റെ ജീവൻ! എന്നു എത്രവുരു ജപിക്കുന്നുണ്ടാവും. ഭരണമേധാവി വാസ്തവത്തിൽ ആരാണു്. അവർ തമ്മിൽ എന്താണുഭേദം.

പ്രകൃതിസിദ്ധങ്ങളായ അതൃത്തിക്കുള്ളിൽ ഒതുങ്ങുന്നതാണു് പ്രധാനമന്ത്രിയുടെ അധികാരാതിർത്തിയെങ്കിൽ, അതിബലിഷ്ഠങ്ങളായ ഇരുമ്പുകമ്പികളും ഉരുക്കുതകിടുകളും ഇണക്കിച്ചേർത്തു പണിതീർത്ത കോട്ടകളാൽ ചുററപ്പെട്ടതാണു് ഡ്രൈവർസാറിന്റെ സാമ്രാജ്യം. പ്രധാനമന്ത്രി

മുതൽ തൂപ്പുകാരൻവരെ ആയുസ്സ് ഭയന്ന് അടങ്ങിഒതുങ്ങിക്കഴിയുന്ന സാമ്രാജ്യാധിപതിയാണ് ഈ ഡ്രൈവർസാർ. ലോകത്തു കാണുന്ന സകലജാതി മനുഷ്യരും, കാൺഗ്രസ്സുകാർ, കമ്മ്യൂണിസ്ററുകാർ, കുടലന്മാർ, പോക്കററടിക്കാർ, ചട്ടമ്പികൾ, മദ്യപന്മാർ, കച്ചവടക്കാർ, എന്നുവേണ്ട ഏതുവിധമുള്ള മനുഷ്യനായാലും ശരി സാക്ഷാൽ രക്ഷാശിക്ഷാശക്തിയുള്ള ഭരണാധികാരിയായ ഡ്രൈവറുടെ നേരെ പുറകിൽ അടങ്ങിഒതുങ്ങിക്കഴിഞ്ഞുകൊള്ളണം. പതിനായിരംരൂപാ കരംതീരുവയുള്ള വെന്നാലക്കുരുപ്പും നാട്ടുതോറും തെണ്ടിനടക്കുന്ന വാക്കാമാതുവും, ഒരേ അളവിൽ ഒരേ സീററിൽ സമഭാവനയോടെ ഇരുന്നുകൊള്ളണം. ഹാ! ഏതൊരു ഭരണമേധാവിക്കുണ്ട് ഇത്ര മഹത്തായ പരിഷ്കാരമനോഭാവം. പണക്കാരനോ മുതലിയോ ഭൃത്യനോ തൊഴിലാളിയോ ആരുമാകട്ടെ—ആക്കും ഒരേ അളവ്, ഒരേ ടിക്കററ്, ഒരേതരം ചാർജ്ജ്—ഹൈദരാബാദ് നൈസാമിനും നീലിപ്പുലയിക്കും എത്ര കടന്നാലും ഒരു വയർ നിറയാൻ ഇടങ്ങഴി അരിയിൽക്കൂടുതൽ വേണ്ടിവരികയില്ലല്ലോ? എത്ര സമ്പന്നനായാലും, എത്ര പാവമായാലും, പരിമിതമായ അളവുകോൽ. അതാണ് ഒരു മഹാത്യാഗിയായ ഭരണാധികാരിയുടെ കീഴിലുള്ള അനുഭവസുഖം. ഇദ്ദേഹത്തിൻെറ പ്രൈവററുസിക്രട്ടറി ഏററവും സ്വഭാവസംസ്കാരമുള്ളവനാണ്. നീണ്ട കാൽസ്രായിൽ കയറി ഷർട്ടിലൊതുങ്ങി തോളിൽതൂങ്ങി അലഞ്ഞുലഞ്ഞു ജീവിക്കുന്ന ആശാനുവർത്തിയത്രേ കണ്ടക്ടർ. എഴുത്തുകുത്തുകളും വരവുചിലവുകളും ശരിപ്പെടുത്തുകയും, സാമ്രാജ്യാധിവാസികളായ ജനാവലിയുടെ സുഖസൗകര്യങ്ങൾ നോക്കുകയുമാണ് ഇയാളുടെ കർത്തവ്യം.

ഈരേഴുപാരും ഒന്നോടെ പിന്നിലാക്കുന്ന ഭാവരസികതപത്തിൽ വൃക്ഷലതാദികളും പാർശ്വസ്ഥലങ്ങളും തകർത്തടിച്ചു പിന്നിലാക്കി പാഞ്ഞുപോകുമ്പോഴായിരിക്കും പ്രൈവററുസിക്രട്ടറി "ആളിറങ്ങണം" എന്ന ആജ്ഞകൊടുക്കുക. അഥവാ ചൂളം അടിക്കുക. ഒരു ചവിട്ട് ഒരുന്ത്. ഒരു തെളിവ്. ഠപ്പ്! വണ്ടിനിന്നു. ഇത്ര പ്രഗത്ഭവാനായ ഭരണമേധാവി തൻെറ കീഴുദ്യോഗസ്ഥൻെറ നിസ്സാരമായ ഒരാജ്ഞയ്ക്കു് ഇത്ര നിഷ്കർഷയായി വഴങ്ങുന്നതു് ഇന്നത്തെ ലോകത്തെ ഓരോ വ്യക്തിയും മനസ്സിലാക്കേണ്ടതാണ്. അനുസരണം അനുസരിപ്പിക്കുന്നതിൻെറ ആജ്ഞാശക്തിയത്രേ. നിയമവും നീതിയും സമാധാനത്തിൻെറ അടിസ്ഥാനമാകുന്നു.

വൈകുന്നേരം കണക്കുനോക്കി വരവുചിലവു ശരിപ്പെടുത്തുന്നതുവരെ മാത്രമാണ് പ്രൈവററുസിക്രട്ടറിയുടെ ഉദ്യോഗം. വട്ടക്കാശ്, ലഗ്ഗേജ്, മേൽത്തട്ടിൽനിന്നും അപഹരിക്കുന്ന ചില്ലറസാധനങ്ങൾ, എന്നിവയുടെ അവകാശവാദങ്ങൾ ചിലപ്പോൾ അണിയറയ്ക്കകത്തു നടക്കുന്ന സംഭവങ്ങളാണ്. നിസ്സാരങ്ങളായ പല സംഭവങ്ങളും, ഏതു മഹാന്മാരുടെ ജീവിതത്തിലും പലപ്പോഴും വൻകാര്യങ്ങളായിക്കലാശിച്ചുപോകുമല്ലോ.

പൗരാവലികളുടെ അഭിപ്രായഗതികൾക്കിടയിൽ ഭരണാധിപനും ചില കർത്തവ്യങ്ങളുണ്ട്. പകിസ്ഥാൻ ഗവർണർ ജനറൽ, ബിരുദധാരിയല്ലാത്ത ബാർ അററ്ലാക്കാരനാണെന്നും, ലെയിസൺ ആഫീസർ അഡ്വൊക്കേററല്ലെന്നും രണ്ടുപേർ അകത്തിരുന്നു വഴക്കിടുകയാണ്. ഭരണാധികാരിക്ക് ഈ അനാവശ്യവാഗ്വാദം അനുവദിക്കാൻ സാദ്ധ്യമല്ല. സഗൗരവം, മുഖംതിരിച്ചൊന്നുനോക്കി ആരാ ക്രൂവാ!

കേൾക്കാത്ത താമസം നിശ്ശബ്ദം. അവിടെ അടങ്ങുന്നില്ല. ബഹുമാനപ്പെട്ട ഡ്രൈവർ ഒരു ചെറിയ പ്രക്ഷേപിണി തട്ടിവിടും. ദൃഷ്ടി മുമ്പോട്ടാണ്. ബലംപിടിച്ചിരിക്കയാണ്. പ്രസംഗം "അപ്പോൾ, മിസ്ററർ, നിങ്ങൾക്കെന്തറിയാം. ലെയിസൺ ആഫീസർ തിരുവനന്തപുരത്തെ ഒന്നാന്തരം നായർ കുടുംബത്തിലെ റിച്ച്ഫാമിലിയാണ്. അദ്ദേഹം ഇരുപത്തഞ്ചാമത്തെ വയസ്സിലാണ് അഡ്വൊക്കേററു പാസ്സായതു്. തിരുവിതാംകൂറിൽവന്ന് സന്നതെടുത്തിട്ടു കൊല്ലം ഇരുപതു് കഴിഞ്ഞു. അന്ന് പാകിസ്ഥാൻ ഗവർണർ കേംബ്രിഡ്ജിൽ താമസിക്കയാണ്. അവിടെ അന്ന് ഇൻഡ്യാക്കാ

ക്ക് അഡ്മിഷൻ കൊടുത്തുതുടങ്ങിയില്ല. ഒന്നുമറിയാതെ അങ്ങു പ്രസംഗമാണു്,

ഇതിനിടയ്ക്കു് വഴിയിൽ ഒരാൾ കൈകാണിക്കുന്നു. ബഹു: ഡ്റൈവർ ബ്രേക്കുചെയ്യുന്നു. പ്രൈവററുസിക്രട്ടറി "വേണ്ട സ്ഥലമില്ല."

പ്രൈ—ആ സെക്കൻറുസീററിലെയ്ക്കു കയററണം.

ക—സെക്കൻറുസീററിൽ ആറുപേരുണ്ടു്.

യാത്ര—എങ്ങോട്ടു നീങ്ങാനാണു്.

ഡ്റൈ—അയിസ്സേ! അത്ര വിഷമമാണെങ്കിൽ പ്ലഷർകാർ പിടിച്ചങ്ങുപോകണം.

അയാൾ താനേ നീങ്ങി. ആളും കയറി. ഇർറോ എന്നിരച്ചു് വണ്ടി മുമ്പോട്ടു പാഞ്ഞു. കണ്ടക്ടർ അല്പം ഒന്നമാന്തിച്ചെങ്കിലും ഉച്ചത്തിൽ വിളിച്ചു "പോകാം" ഗീയർ മാറി വണ്ടി ഏകദേശം ഒരു മൈൽ ഓടി. ഒരു പൗരൻ പറഞ്ഞു "ഇവിടെ ഇറങ്ങണം." പ്രൈവററുസിക്രട്ടറി "ആളിറങ്ങണം". (വിസിൽ)

ബഹു: ഡ്റൈവർ അങ്ങിനെ ശിങ്കികളിപ്പിക്കപ്പെടേണ്ടുന്ന വ്യക്തിയല്ല. ഛേയ്! അവിടെ നിത്തിയപ്പോൾ എന്തുകൊണ്ടിറിങ്ങിയില്ല. ഓരോരുത്തരുടെ വീട്ടുവാതിൽക്കലൊക്കെ നിത്താനുള്ളതല്ല ഇതു്.

യാത്ര—മിസ്ററർ ഇവിടം കരുവാററായാണു്. ഇവിടെ ഇറങ്ങേണ്ട ആവശ്യത്തിനു് തോട്ടപ്പിള്ളി ടിക്കററാണു് കൊല്ലത്തുനിന്നെടുത്തിട്ടുള്ളതു്. പിന്നെന്താ ഇത്ര ശാഠ്യം.

ഡ്റൈ—തോട്ടപ്പിള്ളി ടിക്കററാണോ ശരി. എന്നാൽ അവിടെച്ചെന്നിറങ്ങാം.

യാത്ര—നിങ്ങൾ മര്യാദയായിപ്പെരുമാറണം. എനിക്കിവിടെ ഇറങ്ങണം. കുറെ സാധനങ്ങളും ഉണ്ടു്.

ഡ്റൈ—മര്യാദ. താനാരാ ഉവ്വാ-വണ്ടി തോട്ടപ്പിള്ളിൽ നില്ക്കും. അവിടെ ഇറങ്ങിയ്ക്കോ.

യാത്ര—ധിക്കാരം മൂത്താലെന്തു ചെയ്യും. ചക്രം കൊടുത്തു ടിക്കെറെറടുത്താൽ ആ സ്ഥലത്തെങ്ങും ഇറക്കുകയില്ല.

ഡ്റൈ—അതിനു നാലടി അപ്പുറത്തിറങ്ങിയാൽ.

യാത്ര—സമ്മതമില്ലായിരുന്നു.

ഡ്റൈ—അതു തൻെറ വീട്ടിൽച്ചെന്നു പറയണം. സമ്മതമില്ലെന്നോ. ഒന്നുകൂടിപ്പറയെടോ.

യാത്ര—എടാ! പോക്രീ—

ഡ്റൈ—വണ്ടി നിത്തി. യാത്രക്കാരൻ ചാടി വെളിയിലിറങ്ങി. അല്ല പപ്പുപിള്ളയല്ലേ കൊള്ളാം. ഡ്റൈവർ കൂനിപ്പോയി. തൊഴുകയ്യോടെ പറഞ്ഞു. അങ്ങുന്നേ! പപ്പു അറിയാതെ പറഞ്ഞുപോയതാണു്. ചില അവമ്മാരുടെ താന്തോന്നിത്തം അങ്ങനെയൊക്കെയാണു്. അങ്ങുന്നിൻെറ ആ "എഴുത്താ"ണെ പപ്പുവിൻെറ ഈ ചോറു്. യാത്രക്കാരൻ മുമ്പോട്ടുനടന്നു. പപ്പുപിള്ള പഞ്ചപുഛവും അടക്കി പുറകെ.

വണ്ടിയിൽ യാത്രക്കാർ ബഹളംകൂട്ടി. കണ്ടക്ടർ ഹാറൺ പിടിച്ചു രണ്ടുമൂന്നുഞെക്കി. പപ്പുപിള്ള ഓടി എത്തി. വണ്ടിയും നീങ്ങി. ഞാനറിഞ്ഞോ ഇപ്പം ഇയ്യാളാണെന്നു്. ഹോ! അവൻെറ ഒക്കെ പടിക്കൽ വണ്ടിനിറുത്തണം. മുതലാളിയോ ഓണറോ ആയാൽ നിറുത്തുന്നവനല്ല പപ്പു.

പിന്നെന്താ അതപ്പോൾ പറയാഞ്ഞെ—ഒരു യാത്രക്കാരൻ ചോദിച്ചു.

താനാരാ. ഡ്റൈവർ പ്രതിവചിച്ചു. ഒന്നു ഞെളിഞ്ഞു് ഇടത്തോട്ടു് ഒരു കണ്ണോടിച്ചു. ആ നീണ്ട സീററിൽ നാലുസ്ത്രീകൾ ഇന്നത്തെ പരിഷ്ക്കാരത്തിൽ മതിമറന്നിരിക്കുകയാണു് കീഴ്മേൽ സാരിക്കുത്തു കറങ്ങി. അവരുടെ ചില നോട്ടം ഡ്റൈവറുടെ കല്ലുവെച്ച മോതിരത്തിലും, കട്ടക്കനിലും ചിലപ്പോൾ മുഖത്തും തട്ടാറുണ്ടു്.

സാധുക്കളായ പൗരാവലിയെ ആയുസ്സെത്താതെ കൊല്ലാനുള്ള ഒരു പ്രത്യേകസജ്ജീകരണമാണു് ഈ സ്ത്രീയാത്രക്കാരുടെ സ്ഥാനം.

വത്തമാനം തുടന്നു. വണ്ടി ഒരു "ടേണിംഗി"ൽ എത്തി. അതിവേഗം പാഞ്ഞുവരുന്ന വണ്ടി ഒരു ഹാറൺകൊടുത്തു. പാവം ഡ്റൈവർ ആ ഇടതുസീററിലേയ്ക്കു് ഒന്നു നോക്കി

# കണ്ടനും വണ്ടിയും

(നീലാണ്ടൻ)

കണ്ടനെന്നോ കണ്ടന്റെ വണ്ടിയെന്നോ കേട്ടിട്ടില്ലാത്തവർ ഇന്നാട്ടിൽ അപൂർവ്വമാണു്. കണ്ടനേക്കണ്ടാൽ മനസ്സിലാക്കാൻ ഒരേ ഒരു **ലക്ഷണം**—ഉടുക്കാനുള്ള മുണ്ടു് തലയിൽകെട്ടി ഒരു തോർത്തു് ഉടുത്തു്—വണ്ടിയിൽ കെട്ടിയിരിക്കുന്ന കാളയുടെ കയർ പിടിച്ചുകൊണ്ടു് വണ്ടിക്കും കാളയ്ക്കും മുമ്പേ നടക്കുമെന്നുള്ളതാണു്. കണ്ടനോളം പ്രായം വരുന്നതും—പൊതികളിളകി വരിച്ചില്ലുകൾ വെളിക്കു കാണുന്നതും താറിട്ട റോഡിൽപോലും കോലാഹലമായി ചരിക്കുന്നതുമായ വണ്ടി ഒരിക്കൽ കണ്ടിട്ടുള്ളവർ പിന്നീടു അതു മറക്കുന്നതല്ല. എണ്ണെല്ലും പൂണ്ണെല്ലും മുഴച്ചു് വാരിയെല്ലുകൾ എഴുന്നു് രോമം കൊഴിഞ്ഞു് കണ്ണീരൊഴുക്കി കാലിടറിയിടറി നടക്കുന്ന കാളയ്ക്കും വണ്ടിയോളമുള്ള പഴക്കം കാണാതിരിക്കയില്ല. ഇത്തരം ഒറ്റക്കാളവണ്ടികൾ മിക്കവാറും രോഗികളെക്കൊണ്ടുപോകാനും അധികം അകലമില്ലാത്തിടത്തു് രണ്ടോ കൂടിയാൽ മൂന്നോ പേർക്കു പോകുന്നതിനുമാണു് ഉപയോഗിക്കുന്നതു്. എന്നാൽ കണ്ടന്റെ വണ്ടി അത്തരം കാര്യങ്ങൾക്കാണെന്നു തെറ്റിദ്ധരിക്കരുതു്. പ്രാണഭയമുള്ളവർ ഈ വണ്ടിയിൽ കയറുകയേ ഇല്ല. പിന്നെയോ പ്രാണനില്ലാത്തവരുടെ ഉപയോഗത്തിനു ഇതല്ലാതെ വേറൊന്നു കിട്ടുകയുമില്ല. വണ്ടിയിൽ കുറേ വയ്ക്കോൽ നിരത്തി ഒരു പുല്പായ് വിരിച്ചിരിക്കും. സാധാരണ വണ്ടികൾ നിറുത്തുന്നിടത്തെങ്ങും കണ്ടൻ വണ്ടി നിറുത്തുകയില്ല: ചില കൊള്ളാമെന്നുള്ളവരുടെ വീട്ടിനടുത്തുള്ള മുടുക്കുകൾ—ജനറലാശുപത്രിവളപ്പിലെ മാഞ്ചുവടുകൾ—ആൾസഞ്ചാരം കുറഞ്ഞ ഇടവഴികൾ—പെട്ടെന്നു ഒഴിഞ്ഞുമാറാവുന്ന കവലകൾ—ഇങ്ങനെ ചില പ്രത്യേക സ്ഥലങ്ങളാണു് കണ്ടന്റെ വണ്ടിയുടെ വിശ്രമത്താ

---

രസിച്ചു. എതിരെവന്ന വണ്ടിക്കു് Side കൊടുത്ത കൊടുപ്പിൽ വണ്ടി ഓടയിലേക്കു മറിഞ്ഞു. പപ്പുപിള്ള ബഹുമാനപ്പെട്ട ഡ്രൈവർ പപ്പുപിള്ള അങ്ങിനെ ആരും പറയാതെ വണ്ടി നിർത്തി ചേക്കുഴിയിൽക്കയറി ഇറങ്ങി.

പപ്പുപിള്ളയുടെ പുരികത്തിനു മുകളിൽ ഒരു നീണ്ട പാടു് അവശേഷിക്കുന്നുണ്ടു്. ഓണർ പറഞ്ഞാൽപോലും നിറുത്താത്ത പപ്പുപിള്ള.


സെൽവാ മെഴുകുതിരിക്കാരുടെ




സെൽവാ ബാർസോപ്പ് വാങ്ങുവിൻ !

S. S. രാജാ & കമ്പനി ന്യൂബസ്സാർ, ആലപ്പുഴ

വളം. ഇതിന്ന പ്രത്യേകം ചില കാരണങ്ങളും ഇല്ലാതില്ല—കണ്ടന്റെ രഹസ്യവ്യാപാരം പലപ്പോഴും പരസ്യമാവുകയും തന്മൂലം അവന്റെ പേരിൽ കേസുണ്ടാവുകയും ചെയ്തിട്ടുണ്ടു്. എന്നാൽ ഇതുവരെയും കണ്ടനെ ഒരു കേസ്സിലും ശിക്ഷിച്ചിട്ടില്ല. ഒരിക്കൽ അവനെ അറസ്റ്റു വാറണ്ടനുസരിച്ചു് പിടിച്ചു കോടതിയിൽ ഹാജരാക്കി. കണ്ടൻ നല്ലവാക്കു പലതും പറഞ്ഞുനോക്കിയിട്ടും ഫലമില്ലെന്നു കണ്ടനു മനസ്സിലായി. കണ്ടൻ കോടതിയിൽനിന്നും ഒരു ചാട്ടം—കണ്ടനെ പിന്തുടൎന്നുചെന്ന ശിപായിമാർ വേണ്ടിടത്തോളം കാപ്പിയും ചെറിയ കൈമടക്കും കൊടുത്തു് മടക്കി അയച്ചു. കണ്ടനെ കണ്ടില്ലെന്നു വന്നറിയിച്ചപ്പോൾ ശിപായിമാൎക്കു് രണ്ടുപേൎക്കും ഓരോ മാസം സസ്പെൻഡെന്ന പേരിൽ ചെറിയ ഒരാശ്വാസം ലഭിച്ചു.

ഇങ്ങനെ പല കേസുകളും പല തവണയും കണ്ടനെസംബന്ധിച്ചുണ്ടായിട്ടുണ്ടു്. കണ്ടൻ ഒരിക്കൽ അത്യാദരപൂർവ്വം മൊഴികൊടുത്തു. പൊന്നേജമാനെ ഇവക്കെല്ലാം എന്നോടു വലിയ വിരോധമാണു്. ഇന്നലെയും അടിയൻ വയ്യിട്ടു കുപ്പപ്പാട്ടിൽ ചെന്നപ്പോൾ, ഇക്കാലന്മാർ നാലഞ്ചുപേർ, ചാരായക്കുപ്പികളുമായി അവിടെല്ലാം നടക്കുന്നതു അടിയൻ കണ്ടു. അടിയൻ പലേ നല്ലവാക്കുകളും പറഞ്ഞിട്ടു കേൾക്കാത്തതിനാൽ അടിയൻ കൊറെ കയത്തു പറഞ്ഞുപോയി. അതുകൊണ്ടു് ഇക്കാലന്മാർ എന്നെ അടിക്കാനും വീട്ടുകാരിയേയും കൊച്ചുങ്ങളേയും ചീത്ത പറയാനും തുടങ്ങി. പെണ്ണുങ്ങളല്ല്യോ—വേലചെയ്തുകൊടുക്കുന്നവനെ അടിക്കുന്നതു് എത്രനേരം നോക്കിനിന്നു കരയും. അടിയൻ അവളുടെ പതിമൂന്നാമത്തെ വയതിൽ കല്യാണം കഴിച്ചതാണു്—അവൾ കയ്യിൽ കിട്ടിയതുകൊണ്ടു ഇനസ്പെട്ടറദ്ദേവത്തെ..........അതിനും കുററക്കാരൻ ഞാനാണു്. യജമാനനെ പിന്നേ അവൎക്കൊരു വാശിയുണ്ടു്. കേസ് അവർ 18 ഉണ്ടാക്കി. തിരുവുള്ളം കനിഞ്ഞു ഇന്നോളം അടിയനെ ശിക്ഷിച്ചിട്ടില്ലാ—ഇത്തവണ അടിയനെ ശിക്ഷിക്കണമെന്നു് അവൎക്കു വലിയ വാശിയാണു്—അടിയനും വാശിയാണു്. അടിയൻ ചെയ്യാത്തതു് ദൈവത്തിന്ന അറിഞ്ഞുകൂടയോ? തിരുവുള്ളമുള്ള കാലംവരെ കുത്തുകുട്ടിക്കാരനായ അടിയനെ ശിക്ഷിക്കയില്ലെന്നു് അടിയനു് തീർച്ചയാണു്. കഴിഞ്ഞ തവണ അടിയൻ ഇവിടന്നു ഇറങ്ങി ഓടിയതു അപ്പോൾ അടിയന്റെ വണ്ടി ആശുപത്രിയിലെ ഒരു ശവം കേററിവച്ചിരുന്നതുകൊണ്ടാണു്, ഇന്നു അടിയന്റെ വീട്ടിൽ പോയില്ലെങ്കിൽ വീടു പട്ടിണിയായിപ്പോകും. അതല്ലാ യജമാൻ ശിക്ഷിച്ചാലും അടിയനു് വീട്ടിപ്പോവാതിരിപ്പാനൊക്കുകില്ലാ—

കരഞ്ഞു വീർപ്പുമുട്ടും വിധം കണ്ടൻ ഒരേ ശ്വാസത്തിൽ മൊഴികൊടുത്തു പലേ ചിന്തകൾക്കിടയിൽ കോടതി ഇങ്ങനെ ഉത്തരവായി. ആരും ഇനി കണ്ടന്റെ പേരിൽ ചാർജ്ജ് ചെയ്യരുതു് പാവം, ഇനി എത്ര ദിവസംകൂടി ഇങ്ങനെ കഴിയാൻപോകുന്നു. പൊയ്ക്കോ—

ശ്വാനസമാജത്തിൽനിന്നും പരാജയം സമ്മതിച്ചു വായുകൊണ്ടു വിനയവും, തലനീട്ടി തറപററിയിഴഞ്ഞു് ആദരവു കാണിക്കുന്ന കൊച്ചുനായയെപ്പോലെ—കണ്ടൻ തിരിഞ്ഞുനോക്കിയും പതുങ്ങി പതുങ്ങി കച്ചേരിയിൽനിന്നും വെളിക്കുവന്നു. ഒരു കൈകൊണ്ടു മുഖത്തിന്റെ ഒരുവശം പൊത്തി പോലീസുകാരേ നോക്കി എന്തോ പറഞ്ഞു. അതിൽ ഒരാൾ—പൊയ്ക്കോ കഴുവേറി......എന്നും പറയുന്നതു കേട്ടു—ഇങ്ങനെ കണ്ടന്റെ പേരിൽ മാസത്തിൽ രണ്ടെന്ന ക്രമത്തിൽ നടന്നുവന്ന ചാർജ്ജ് അങ്ങനെ ഒതുങ്ങി. കണ്ടനു സ്വാഛരതയുമായി.

# അറിയിപ്പ്

വാമനപുരം, കിളിമാനൂർ; കല്ലറ, പാങ്ങോടു്, കടയ്ക്കൽ എന്നീസ്ഥലങ്ങളിലെ വികടകേസരിയുടെ ഏജന്റായി ആററിങ്ങൽ അവനവഞ്ചേരിയിൽ ഗിരിജാലയം ശ്രീ: പി. ഗോവിന്ദൻ നായരെ നിയമിച്ചിരിക്കുന്നു. മാന്യവായനക്കാർ ആഫീസ് സീലും മുദ്രയുമുള്ള രസീതുംപടി വരിസംഖ്യ ഇദ്ദേഹംവശം ഏല്പിക്കണം.

പത്രാധിപർ,

ഒരു ദിവസം കണ്ടൻ നട്ടുച്ച സമയത്തെ നട്ടുവെയിലിൽ, കീലുരുകിയ റോഡിലെ പാദസഞ്ചാരസൗഖ്യത്തിനിടയിലും ഒരു എക്സൈസ് ഇൻസ്പെക്ടരോടു ചോദിക്കയാണ്—ഏമാനെ ഇന്നെവിടെയെങ്കിലും കണ്ടുവച്ചിട്ടുണ്ടോ, കുപ്പി അടിയൻ ഏററു.

ഇൻസ്പെക്ടർ—എടാ ഏഭ്യ ശിരോമണി! ഈ തിരുവനന്തപുരം സിററിയേ നീയും നിൻെറ വണ്ടിയുംകൂടി നാററിത്തീർത്തില്ലേ! നീയല്ലാതെ ഒരുത്തരും എന്നെ തോല്പിച്ചിട്ടില്ലാ. ഞാൻ ചെയ്ത ചാർജ്ജ് ഒന്നും വെറുതെ വിട്ടിട്ടില്ലാ.

കണ്ടൻ—ഏമാനേ ലോകത്തിൽ വലുത് വയറാണ്. അടിയനു മനഃപൂർവമുണ്ടോ! ഏമാൻ ചോദിച്ചാലും അരക്കുപ്പി തരും. ഇന്നു നല്ലതുവേണമെങ്കിൽ കണ്ടനെ തെരക്കണം. കസവുനേര്യതിൽ തീ പിടിപ്പിച്ചു കാണിച്ചുതരാം.

ഇൻസ്പെക്ടർ—പോടാ ഏഭ്യാ — പെരുവഴിയിൽനിന്ന്......

കണ്ടൻ—നേരുപറഞ്ഞാൽ ഇന്നൊള്ളോർക്ക് രസിക്കുല്ല. വണ്ടി ആശുപത്രിക്കടുത്തുണ്ട്. അവിടംവരെ വന്നാൽ ഏമാനെ തലകുത്തനെ നടത്താം. തൊഴുതുചുരുണ്ടുനിന്നു കണ്ടൻ സഗൗരവം പടിഞ്ഞാറോട്ടുനടന്നു ഒരു വക്കീലാഫീസിനടുത്തു ചെന്നു വാലും കാലും ചുരുട്ടി വാതൽ പററിനിന്നു.

വക്കീൽ—എന്താ കണ്ടാ! നല്ലതു വല്ലതുമുണ്ടോ! ഇന്ന് ഒരു കേസിൻെറ ഹീയറിംഗാണ്.

കണ്ടൻ—ഉത്തരവ്. അടിയൻ ഇതാ എത്തി.

വ്യഗ്രതയിൽ കണ്ടൻ ഓടുകയാണ്. കുന്നുകുഴിയിൽ പപ്പൻ ഇതേസമയം ആശുപത്രി ജംഗ്ഷനിൽവച്ചു കണ്ടനെ കണ്ടു. പപ്പൻ പക്കാറൗഡിയെന്നു കുപ്രസിദ്ധനാണ്. കണ്ടനെ കണ്ടതോടെ സലാം ചേട്ടാ—നമുക്കൊന്നുമില്ലേ എന്നു കുശലപ്രശ്നം ചെയ്തു. ഉണ്ടല്ലോ. ചേട്ടനുള്ളപ്പോൾ അതിനൊന്നിനും കുറവു വരികയില്ല. എന്നാൽ ചട്ടമ്പി അല്പം നില്ക്കണം. ഞാൻ വക്കീലദ്യത്തിൻെറ കാര്യമായിട്ടൊന്നു പോയ് വരട്ടെ. കണ്ടൻ ഇത്രയും പറഞ്ഞു വണ്ടി നില്ക്കുന്നിടത്തേക്കു നടന്നുകഴിഞ്ഞു. അപ്പോൾ കേൾക്കാം ദൂരെനിന്നൊരു വിളി—കണ്ടൻചേട്ടാ, കണ്ടൻചേട്ടാ ഇങ്ങോട്ടൊന്നു വരണേ! നിങ്ങളെ കാത്തു ഞങ്ങൾ എത്രനേരമായി നില്ക്കുവാണ്.

കണ്ടൻ—എന്താ കാര്യം.

അന്യൻ—ഞങ്ങളിവിടത്തുകാരല്ലാ.

കണ്ടൻ—അതിനു ഞാനെന്തുവേണം സമ്മന്തത്തിനോ മററോ വന്നിരിക്കയാണോ.

അന്യൻ—അതല്ലാ-ഞങ്ങളുടെ ഒരു രോഗിയെ കൊണ്ടുപോകുവാൻ പറഞ്ഞിരിക്കയാ. ദയവുചെയ്തു ചേട്ടൻെറ വണ്ടി ചാക്കവരെ ഒന്നു കൊണ്ടുവിടണം.

കണ്ടൻ—നിങ്ങളിത്ര ധൃതികാണിക്കുന്നതെന്തിന്? പൊന്നുതമ്പുരാൻെറ ആശുപത്രിയല്ല്യോ? മരിച്ചുപോയാലും പേടിക്കാനെന്തിരിക്കുന്നു. രോഗിയെ എടുത്തു തൂക്കിക്കളയുമൊന്നുമില്ലല്ലോ!

അന്യൻ—അങ്ങനെ അല്ല. വള്ളത്തിൽ ശവം കയററുകയില്ല.

കണ്ടൻ—പിന്നെ വണ്ടിയിൽ ഒട്ടും കേററുകയില്ലാ.

അന്യൻ—ഇപ്പോൾ മരിച്ചിട്ടില്ലാ. മരിക്കുംമുമ്പു വള്ളത്തിൽ കയററണം. പിന്നെ മരിച്ചാലും വേണ്ടുകില്ല.

കണ്ടൻ—എൻെറ വണ്ടിയിൽവച്ചു മരിച്ചാലോ!

അന്യൻ—അതില്ല ചേട്ടാ മരുന്നു ഇപ്പോഴാണു കുത്തിവച്ചതു്. അതു നേരത്തോടുനേരം നില്ക്കും.

കണ്ടൻ—അപ്പോൾ കൊല്ലാനുള്ള മരുന്നാവർ കൊടുത്തുകഴിഞ്ഞു അല്ല്യോ? എന്നാൽ കണ്ടൻ വണ്ടി തരുല്ല.

അന്യൻ—ചേട്ടാ! ഞങ്ങളെ ഇപ്പോൾ ഒന്നു സഹായിച്ചില്ലങ്കിൽ ഞങ്ങൾ—അന്യനാട്ടുകാർ—ഇവിടെ കിടന്നു വിഷമിച്ചുപോകയുള്ളു. ചേട്ടൻ ഞങ്ങളെ രക്ഷിപ്പാറാകണം.

കണ്ടൻ—അപ്പോൾ ചേട്ടൻ രക്ഷിക്കുമെന്നു കരുതിയെങ്കിൽ ആദ്യം രോഗിയെ എന്നെ കാണിക്കാഞ്ഞതെന്തു്? പത്തു കോഴിക്കുഞ്ഞും ഒരു കുപ്പിയുംകൊണ്ടു ഭേദമാക്കായിരുന്നു.

അന്യൻ—ചേട്ടാ ചേട്ടനു വൈദ്യമുണ്ടെന്നു ഞങ്ങളെങ്ങിനെ അറിയും,

കണ്ടൻ—അതാണു പഠിക്കേണ്ടതു്. കണ്ടൻെറ മരുന്നു കുടിച്ചാൽ ചത്തവനും എണീററു നിന്നു തുള്ളും. അതല്ല്യോ അവന്മാർ കൊല്ലാൻ മരുന്നു കുത്തിവച്ചുവിടുന്നതു്. മററു വല്ലവരും ഭേദപ്പെടുത്തിയെങ്കിലോ എന്നു കരുതിയാണു്.

അന്യൻ—ശരിയാണു ചേട്ടാ–പരമദുഷ്ടത്തരമേ അവരുടെ കയ്യിലൊള്ളു. പണം കൊടുത്തില്ലങ്കിൽ തിരിഞ്ഞുനോക്കുകയേ ഇല്ലാ. അവർ പറയുന്ന മരുന്നെല്ലാം ഷാപ്പീന്നു് എടുത്തുകൊടുക്കണം. എന്നാലോ രോഗിയെ ഒരുനോക്കു കാണാൻപോലും സമ്മതിക്കയില്ല. വെള്ളം കുടിക്കാതെയുമാ മുക്കാലും ചാവുന്നതു്. എതിനും ചേട്ടനൊന്നു സഹായിച്ചേ ഒക്കു.

കണ്ടൻ—എനിക്കൊന്നിനും ഇപ്പോൾ നേരമില്ലാ. നൂറു കാര്യങ്ങളും ഏറേറാണ്ടാണു ഞാൻ നില്ക്കുന്നതു്. എതിനും കൂലി എന്തുതരും?

അന്യൻ—ഞങ്ങൾ നാട്ടീന്നു വന്നിട്ടു ഒരു മാസമായി. റേഷൻകാലമല്ലേ ഉള്ളതെല്ലാം കടകളിലും മററും കൊടുത്തുതീന്നു. ദൈവത്തെ ഓത്തു് ചേട്ടൻ ഒന്നു സഹായിക്കണം.

കണ്ടൻ—ഫേ അതെല്ലാമിരിക്കും 25 രൂപാ തരണം, അല്ലങ്കിൽ കണ്ടൻെറ വണ്ടിയില്ലാ. സമയം പോകുന്നു. അതുമിതും പറഞ്ഞു നിന്നാ കാര്യം ഒക്കുമോ?

അയാൾ വിഷമിച്ചു. ചേട്ടാ രോഗിക്കു വെള്ളവും മററും കൊടുക്കാൻ കൊണ്ടുവന്ന പാത്രങ്ങളും 10 രൂപയുമെ എൻെറ കയ്യിലൊള്ളു വള്ളക്കൂലി ആയാലും വണ്ടിക്കൂലി ആയാലും ഇതുകൊണ്ടു സാധിക്കണം. ദൈവത്തിനെ കരുതി നിങ്ങൾക്കും കുഞ്ഞുകുട്ടികളുള്ളവനാണല്ലോ! കൂലി വേല ചെയ്തു കഴിയുന്ന ഞങ്ങൾ—ഒരു കലയിൽ രണ്ടെന്ന മട്ടിൽ കഴിഞ്ഞുവന്നവരാണു് ഭാര്യ


## മോഡേൺകഫേ

സ്റേററ് ട്രാൻസ്പ്പോർട്ടാഫീസ്, കൊല്ലം

ശുചിയും രുചിയുമായ ആഹാരത്തിനും, സുഖമായി താമസിക്കുന്നതിനും പററിയ ഒന്നാംതരം സ്ഥാപനം.

യും മൂന്നാലു കുട്ടികളുമുള്ള അയാളുടെ ശവമെങ്കിലും വീട്ടിലെത്തിക്കാതിരുന്നാൽ ചേട്ടാ ഞാൻ പിന്നെ എന്തിനു അങ്ങോട്ടു പോകണം. വെറും വയററുവേദനയെന്നു് പറഞ്ഞുകൊണ്ടുവന്നതല്ല്യോ. ഞാനവരോടു എന്തു സമാധാനം പറയും.

കണ്ടൻ കുറച്ചുനേരം നിശ്ചേഷ്ടനായിനിന്നു. അവൻെറ നീതിസംഹിതം അവൻ സ്വയം ഒന്നു പരീക്ഷിച്ചു. സാധുക്കൾക്കു ഉണ്ടാകുന്നിടത്തോളം ദീനാനുകമ്പ മററുള്ളവർക്കു അത്ര വേഗം ഉടലെടുക്കാറില്ല. പക്ഷെ പരിഷ്കാരികൾക്കും പണക്കാർക്കും ഈ വക കാര്യങ്ങളിൽ തലയിടാനുള്ള അഭിമാനം അവരെ അനുവദിച്ചെന്നു വരുകയില്ലാ. മനുഷ്യൻ ഉച്ചകോടിയിലേയ്ക്കു അനുനിമിഷം വെമ്പുകയാണു്. ഒരു പടി കീഴോട്ടു നോക്കുവാൻപോലുമുള്ള കെല്പുപോലും അവർക്കുണ്ടായിരിക്കയില്ല. സാധുക്കളിൽ മുന്നിട്ടുകാണുന്ന അസമഭാവന അനുകരണീയമായിരിക്കയും ചെയ്യും.

കണ്ടൻ പിന്നെ കാലു പിറകോട്ടുവച്ചില്ല. അയാളെ സമാധനപ്പെടുത്തി. ഛേ കരയുകയാണോ! വരണം എന്നാൽ കഴിയുന്നതെല്ലാം ചെയ്തുതരാം.

കണ്ടൻ തൻെറ വണ്ടിയിൽ കയററിയ രോഗിയെ വള്ളത്തിൽ കയററി വടക്കോട്ടയച്ചു. വണ്ടിക്കൂലി ഒരു കാശുപോലും വാങ്ങിയില്ല. വള്ളക്കാരനോടും രോഗിയുടെ സകല വിവരങ്ങളും പറഞ്ഞറിയിച്ചു കൂലി കുറപ്പിച്ചു. താൻ അന്നു് ഏതോ ഒരു വലിയ സംഗതി സാധിച്ചു എന്ന സംതൃപ്തിയോടുകൂടി കാളയുടെ മൂക്കുകയറും പിടിച്ചു് കണ്ടൻ മുമ്പേ നടന്നുതുടങ്ങി. തൻെറ ചിന്ത വീട്ടിലേക്കായപ്പോൾ എന്തെന്നില്ലാത്ത ഒരമ്പരപ്പു കണ്ടനെ ആവരണംചെയ്തു നാലഞ്ചു കുഞ്ഞുങ്ങളും തൻെറ ഭാര്യയും അന്നു പട്ടിണിയാകുമല്ലോ എന്ന വിചാരം കണ്ടനെ ശ്വാസം മുട്ടിച്ചു.

അനന്തരപരിപാടി ഏതുരൂപത്തിൽ വേണമെന്നു നിശ്ചയമില്ലാതെ കണ്ടൻ വിഷമിച്ചു ശരി. മററു പോംവഴി ഒന്നുംതന്നെ ഇല്ലാ. ആശുപത്രിവരെ ഒന്നുകൂടി പോവുകതന്നെ ഈശ്വരൻ വഴിയുണ്ടാക്കാതിരിയ്ക്കയില്ല. അന്നാണെങ്കിൽ കണ്ടൻ വണ്ടിയിൽ കാലത്തുകെട്ടിയ കാളയെ അഴിച്ചു മാററുകയോ ഏതെങ്കിലും ആഹാരം കൊടുക്കയോ ചെയ്തിട്ടില്ല. കാള നടക്കാൻ കഴിയാതെ കൂടക്കൂടെ നിൽക്കയും പാരവശ്യം കാണിക്കയും ചെയ്തു. ഇങ്ങനെ കണ്ടൻ മുമ്പേയും കാളയും വണ്ടിയും പിറകേയുമായി പാററൂർമുക്കിനു മുകളിലുള്ള വളവു തിരിഞ്ഞതും മുകളിൽനിന്നും ഭാരവും കയററിവന്ന ഒരു ലോറി വളവുതിരിഞ്ഞതും ഒന്നിച്ചു കഴിഞ്ഞു. അല്പസമയത്തിനകം കണ്ടനും വണ്ടിയും ലാറികേറിയെന്ന വിവരം കാട്ടുതീപോലെ പരന്നു. കണ്ടനെ ഒരു പ്ലഷർകാറിൽ കയററുന്നതും കൊണ്ടുപോകുന്നതും ഓടയിൽ കിടന്നു കാള കാണുന്നുണ്ടായിരുന്നു. കണ്ണു മറയുന്നവരെ നോക്കിക്കിടന്ന കാള കണ്ടനെ കയററിയ കാറു് സാദൃശ്യമായുടൻ ഹമ്മ—എന്ന ഒരു ശബ്ദം പുറപ്പെടുവിച്ചിട്ടു് നിശ്ശബ്ദതയിലേക്കു ലയിച്ചു. കണ്ടനെക്കുറിച്ചോ കണ്ടൻെറ വണ്ടിയേക്കുറിച്ചോ പിന്നൊന്നും അറിയുവാൻ കഴിഞ്ഞില്ല. അതേ അവസാനവരിയിലും കണ്ടൻെറ വണ്ടിയിൽ ഒരു ഗ്യാലനോളം വരുന്ന ചാരായം സൂക്ഷിച്ചിട്ടുണ്ടായിരുന്നു. അതെല്ലാം ലാറികേറി പൊട്ടി ഒഴികിപോകതന്നെ ചെയ്തു.

# പ്രേമിയാകാൻ

By

മുത്തുനേശൻ.

കനകപ്പൂത്തുമയിൻ മായാത്തസ്വപ്നം ഞാ-
നനവധി കണ്ടു കുളിർമ്മകൊണ്ടു.
അകതാരിലന്നെനിക്കെത്രയോ മോഹങ്ങ
ളുഴകായി മൊട്ടിട്ടു നിന്നിരുന്നു.

* * *

കഴലുപിടിച്ചു പലകുറിയാചിച്ചു
നിഴൽപോലും പൂണ്ടില്ല നിന്റെ ചിത്തം.
നിയതിക്കുമന്നെന്നിൽ കനിവൊട്ടും കാണാ-
ഞ്ഞുഴലുകയായിരുന്നഴൽമൂലം.

* * *

ഒരുപക്ഷേ അന്നു നീ മൊട്ടായിരിക്കയാൽ
നരരാഗമാധുരി കണ്ടിരിക്കാ!
പരിശുദ്ധയായിപ്പുലരാൻ തുനിഞ്ഞുനീ
യനുരാഗമൊന്നു വെറുത്തതാവാം!!

* * *

പലകാലം നിന്നെ നിനച്ചെന്റെ ജീവിതം
പല കഷ്ടനഷ്ടം സഹിച്ചുപാരിൽ
അവയൊക്കെ നീർപ്പോളപോലെ മറഞ്ഞുപോ-
യവഗണ്യനായ ഞാൻ തുച്ഛനല്ലേ?

* * *

അവകാശമില്ലാത്തൊരേഴയ്ക്കു ശേഷിച്ചു
നെടുവീർപ്പും, നീരും, നിരാശമൂലം
അതുമാത്രം പോരെയിപ്പാരിലെനിക്കിനി
അവകാശമില്ലൊരു "പ്രേമിയാകാൻ"

* * *

അവഗണ്യനായ ഞാൻ തുച്ഛനാണോമനേ
അവകാശമില്ലേ നിൻ "പ്രേ മി യാ കാ ൻ"

സന്ദർശിക്കുവിൻ! ഒരിക്കലും പാഴാക്കരുതേ!
നെടുമങ്ങാട്ടു ചന്തമുക്കിൽ അനവധി കാലങ്ങളായി നടത്തിവരുന്നതും ഇപ്പോൾ പുകയില സുക്കാ, ബീടിയില, സകലതരം സോപ്പുകളും ഇവിടെ ലഭിക്കുന്നതാണ്.

എം. ഷാഹുൽ ഹമീദ്.
നെടുമങ്ങാട്ട്, ചന്തമുക്ക്.

## ഹൺസ് ബാർ സോപ്പ്



# ജയഭാരതം

ജയ, ഭാരതമേ ജയ, ഭാരതമേ
ജയ, ജന്മധരേ ജയ, കർമ്മധരേ
ജയ, ശ്രീ ജനനീ ജയ, ശ്രീ ധരണീ
ജയ, ഹേ മഹിതേ! ജയ! ഹേ വരദേ!!
മാതാവേവെന്നാലുമാത്മീയസംസ്കാര
ശ്രീതാവും മേദിനി വെൽക! വെൽക!
കാരുണ്യശാലിനി, കല്യാണരൂപിണി
ഭാരതക്ഷോണീ. നീ വെൽവൂതാക!!
നാല്പതുകോടികളേകമാം ഹൃത്തോടെ
കൂപ്പുന്നു സാദരം തൽപ്പാദങ്ങൾ
ആർഷസംസ്കാരത്തിൽ പ്രഭാവം പാടിയുൽ-
ഘോഷിപ്പൂ, പാരെങ്ങുമിന്നു ഞങ്ങൾ.
അക്കരെനിന്നു പണ്ടെങ്ങാണ്ടു പാശ്ചാത്യ-
രൊക്കെയൊന്നിങ്ങെത്തിപോൽ ഭിക്ഷയ്ക്കായി;
പിച്ചയ്ക്കുവന്നവനച്ചികൾ നായരാ-
യച്ചതിയിത്രനാൾ നീണ്ടുനിന്നു
ഏറെനാളായപ്പോളോർമ്മിച്ചു ഭാരതം
തീരാത്ത ദാസ്യത്തിൻ തിക്തഫലം
അമ്മതൻ കയ്യാമം പൊട്ടിച്ചെറിയുവാ-
നിമ്മഹി സ്വാതന്ത്ര്യം പ്രാപിച്ചീടാൻ,


## ഉടൻ ആവശ്യപ്പെടുക!!

ഇപ്പോൾ വന്നുചേർന്നിരിക്കുന്നു.

22" ഇഞ്ച് ഹെർക്കുലീസ്, പിലിപ്സ്, റാലി മുതലായ സൈക്കിളുകളും, സ്പെയർപാർട്ടുകളും, മോട്ടാർ സാധനങ്ങളും ആവശ്യമുള്ളവർ ചാലയിൽ മാധവവിലാസം സൈക്കിൾ ഷാപ്പിൽ അന്വേഷിക്കുക! മിതമായവിലയ്ക്കു ഇവിടെ കിട്ടുന്നതാണ്. മാനേജർ.



## ആരോഗ്യദായിനി വൈദ്യശാല

H. O. അവനവഞ്ചേരി. : : B. O. ആററങ്ങൽ.

ആയുർവേദവിധിപ്രകാരമുള്ള ഔഷധങ്ങൾകൊണ്ടു ശാസ്ത്രീയമായ രീതിയിൽ തയ്യാറാക്കി ചികിത്സിക്കുന്ന കേരളത്തിലെ ഏകസ്ഥാപനം. രക്തത്തിൽ ലയിച്ചുകിടക്കുന്ന രക്തവാദം, സിഫിലിസ്, ഗൊണോറിയ, കുഷ്ഠം, അർലസ്സ്, വിഷം, നീർവീഴ്ച, സർവാംഗം പുകച്ചിൽ, മുതലായ രോഗങ്ങളുടെ അണുക്കളെ വലിച്ചെടുത്തു വിരേചനരൂപേണ പുറത്തുകളഞ്ഞു രക്തശുദ്ധിയും ആരോഗ്യവും നൽകുന്ന ഏററവും ഫലപ്രദമായ ഒരു നല്ല സാധനം ഇതാ തയ്യാറായിരിക്കുന്നു. കൂടാതെ സകലവിധ ആയുർവേദ ഔഷധങ്ങളും ന്യായമായ വിലയ്ക്കു ഇവിടെ കിട്ടുന്നതാണ്. എൻ. വേലായുധൻവൈദ്യൻ.

# കൊച്ചി–തിരുവിതാംകൂർ യൂണിയനിലെ ഭക്ഷ്യനില

രാജ്യം സ്വയം സമ്പൂർണ്ണമാക്കുവാൻ പ്രവർത്തിക്കേണ്ട രംഗ പ്രസംഗവേദികളും, പത്രപംക്തികളെല്ലാം പാടങ്ങളും പറമ്പുകളും കടലുകളുമാണ്.

ഡാ. സി. ആർ കൃഷ്ണപിള്ള

രാഷ്ട്രനിർമ്മാണപരിപാടിയിൽ എന്തുകൊണ്ടും പ്രഥമഗണനീയം അർഹിക്കുന്ന ഭക്ഷണം ഇന്നും നമ്മുടെ നാട്ടിൽ ഒരു പ്രശ്നമായിത്തന്നെ അവശേഷിക്കുന്നു. കഴിഞ്ഞ നാലുകൊല്ലത്തെ നിയന്ത്രണങ്ങൾക്കു ശേഷവും ഈ പ്രശ്നത്തിനു പരിഹാരം കണ്ടെത്തുന്നതിൽ നമുക്കു പറയത്തക്ക പുരോഗതിയൊന്നും ഉണ്ടായിട്ടില്ല. ഭക്ഷണകാര്യത്തെ സംബന്ധിച്ചു മന്ത്രിമാർ വൻപൻ പ്രസ്താവനകൾ പുറത്തിറക്കുന്നതുകൊണ്ടുമാത്രം പരിഹരിക്കപ്പെടാവുന്ന ഒന്നല്ല ആ പ്രശ്നമെന്നു അവർ അറിഞ്ഞിരിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ഉല്പാദനം വർദ്ധിപ്പിക്കുവാൻ ഉതകുന്ന മാർഗ്ഗങ്ങൾ കണ്ടുപിടിച്ച് അവയെ ഫലപ്രദമായ നിലയിൽ ഉപയോഗപ്പെടുത്തുവാനുള്ള കർശനമായ നടപടികൾ എടുക്കാതെ നിയന്ത്രണംകൊണ്ടു തൃപ്തിയടഞ്ഞുപോരുന്ന ഇന്നത്തെ നിലയെ ഒരിക്കലും തുടരുവാൻ അനുവദിച്ചുകൂടാ. 'ദൈവം പാവപ്പെട്ടവരുടെ അടുക്കലേയ്ക്കു വരുന്നതു റൊട്ടിയുടെ രൂപത്തിലാണെന്ന്', ഗാന്ധിജി പറഞ്ഞതു അദ്ദേഹത്തിന്റെ ശിഷ്യന്മാരെന്നു അഭിമാനിക്കുന്നവരെ ഒന്നുകൂടി ഓർമ്മിപ്പിക്കുവാൻ ഈ അവസരം ഞാൻ ഉപയോഗപ്പെടുത്തിക്കൊള്ളട്ടെ. കൊ—തി—യൂണിയനിലെ ഭക്ഷ്യമന്ത്രിയായ ശ്രീ. അബ്ദുള്ളാ യൂണിയനിചെ ഭക്ഷ്യനിലയെപ്പററി ഈയിടെ പുറപ്പെടുവിച്ച ഒരു പത്രപ്രസ്താവനയാണ് എന്നെ ഇത്രയും പറയുവാൻ പ്രേരിപ്പിച്ചതെന്നു തുടക്കത്തിൽതന്നെ വ്യക്തമാക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ചുരുക്കത്തിൽ അദ്ദേഹം പറഞ്ഞതു ഇതാണ്—യൂണിയനിലെ ഭക്ഷ്യനില ഒട്ടും തൃപ്തികരമല്ല. ഇൻഡ്യാഗവണ്മെൻറു അരി തരാമെന്നു ഏററിരുന്നു. ഇപ്പോൾ അതു മുഴുവൻ തരിക സാദ്ധ്യമല്ലെന്നാണ് അവർ പ

---

രാഷ്ട്രത്തിൻ ശക്തിയും രാജ്യത്തിൻ സമ്പത്തും
ചൂഷണം ചെയ്വോരെ പിൻതിരിപ്പാൻ,
സത്തെല്ലാമൂററീട്ടു ശോഷിച്ചു ശേഷിച്ച
കൊത്തുവാൻ വയ്യെന്നു തീർത്തുചൊല്ലാൻ,
ഇങ്ങനെ ചത്തപോൽ ജീവിക്കാനാവില്ല
ഞങ്ങൾക്കെന്നുച്ചത്തിലുൽഘോഷിക്കാൻ
ധൈര്യമായ്പ്പോരാടിയെത്രയോ ഭ്രാതാക്കൾ
ചോരനീർവീഴ്ത്തീട്ടു കയ്യിൽ കിട്ടി.
സ്വാതന്ത്ര്യം, ഭാരത സ്വാതന്ത്ര്യം നമ്മുടെ
മാതാവിൻ ഏകമാം മോക്ഷോപായം.
നേടുക, നേരുക; നിത്യമാം നിർവാണ-
മാരക്ത സാക്ഷികൾക്കിട്ടിനതിൽ
ഐക്യമാം തന്തുവിൽ കോർത്തിട്ട പുഷ്പങ്ങ-
ളാകണം നാമിന്നു ഭ്രാതാക്കളേ!!
മാത്സര്യം കൈവിട്ടും ദ്വേഷങ്ങൾ വർജ്ജിച്ചും
ഔത്സുക്യപൂർവ്വകം മുന്നേറിയാൽ
സമ്പൂർണ്ണസാഫല്യ ലക്ഷ്മിയാളർപ്പിക്കും
പൊന്മാല നമ്മൾതൻ കണ്ഠങ്ങളിൽ

റയുന്നതു്. അങ്ങനെ നേരിടുന്ന കമ്മി നികത്തുവാനുള്ള വഴികൾ ആരായേണ്ടിയിരിക്കുന്നു. അതെ, എന്നും അവർ ആരായുകതന്നെയാണു്. പക്ഷെ ഒന്നും കണ്ടെത്തുന്നില്ലയെന്നേ ഉള്ളൂ.

'ഓണം വന്നാലും ഉണ്ണി പിറന്നാലും കോരനു കുമ്പിളിൽ കഞ്ഞിതന്നെ' എന്നതാണെന്നും ഇന്നും നമ്മുടെ നാട്ടിലെ ഭൂരിപക്ഷമായ പട്ടിണിപാവങ്ങളുടെ നില. ജനകീയമായ ഒരു ഭരണക്രമത്തിൽനിന്നു അവർ ആദ്യം പ്രതീക്ഷിക്കുന്നതു് സ്വന്തം പട്ടിണിക്കുള്ള നിവാരണമാണു്. അതിനു പകരം അവർക്കു ലഭിക്കുന്നതോ നീണ്ടനീണ്ട പ്രസ്താവനകൾ! അതുകൊണ്ടു അടങ്ങുന്ന ഒന്നാണോ വിശപ്പു്? ദൌർഭാഗ്യവശാൽ വിശപ്പു് അടക്കുവാൻ ഭക്ഷണംതന്നെ വേണ്ടിയിരിക്കുന്നു. മന്ത്രിമാരുടെ പ്രസ്താവനകൾക്കു് ജനങ്ങളുടെ പട്ടിണി മാററുവാൻ കഴിഞ്ഞിരുന്നെങ്കിൽ ഇന്നു് സമൃദ്ധിയുടെ നടുവിൽ തന്നെയാണു് ജനങ്ങൾ ജീവിക്കുന്നതെന്നു ശത്രുക്കൾപോലും സമ്മതിച്ചുകൊടുത്തേനേ! എന്തായാലും 'മർക്കടസ്യ സുരപാനം മദ്ധ്യേ വൃശ്ചികദംശനം' എന്നു പണ്ടൊരു രസികൻ പറഞ്ഞിട്ടതാണു് കാര്യങ്ങൾ എത്തിച്ചേർന്നിട്ടുള്ളതു്. ഇതിൽനിന്നു ഒരു പോംവഴി കണ്ടെത്തുവാൻ നമ്മുടെ എല്ലാക്കഴിവുകളും നാം സഹകരിക്കേണ്ടിയിരിക്കുന്നു.

മന്ത്രി പറയുകയാണു് നാം പലതരം ഭക്ഷണസാധനങ്ങൾ ഉപയോഗിക്കണമെന്നു്. ഇന്നെങ്കിലും മന്ത്രി ഇതു കണ്ടുപിടിച്ചുവല്ലോ. ഭാഗ്യം! വളരെ കാലമായി നമ്മെ അലട്ടിക്കൊണ്ടിരിക്കുന്ന ഭക്ഷണപ്രശ്നത്തിനു മന്ത്രി നിർദ്ദേശിക്കുന്ന പരിഹാരം, മല എലിയെപ്പെററ കഥയാണു് നമ്മെ ഓർമ്മിപ്പിക്കുന്നതു്. ആരോഗ്യം നിലനിറുത്തുവാൻ ആവശ്യമായ പോഷകമൂല്യങ്ങൾ അടങ്ങിയ ഒരു ദേശീയമായ ഭക്ഷണം ഇൻഡ്യയിലെങ്ങും അംഗീകരിക്കേണ്ടതാണു്. പക്ഷെ ഭക്ഷണത്തിനുള്ള വക കിട്ടിക്കഴിഞ്ഞതിനുശേഷം ആലോചിക്കേണ്ട കാര്യമാണിതു്. ഭക്ഷണസാധനങ്ങളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിലാണു് നാട്ടിന്റെ മുഴുവൻ ശ്രദ്ധയും ഇന്നു പതിയേണ്ടതു്. അതിനു ശാസ്ത്രീയമായ എല്ലാ മാർഗ്ഗങ്ങളും നാം കൈക്കൊള്ളേണ്ടിയിരിക്കുന്നു. കൃഷിക്കു് ആവശ്യമായ യാന്ത്രികസാമഗ്രികൾ വാങ്ങുവാൻ ഗവണ്മെൻറു കൃഷിക്കാരെ സഹായിക്കുകയും ആ ഉപകരണങ്ങൾ ഉപയോഗപ്പെടുത്തേണ്ട സമ്പ്രദായങ്ങൾ അവരെ പഠിപ്പിക്കുകയും വേണം. മററു പല രാജ്യങ്ങളിലും പരീക്ഷിച്ചു


## ഒരിക്കൽ പരീക്ഷിക്കുക!

ചാല സന്നതുമുക്കിൽ മാതൃകാപരമായി നടത്തിവരുന്നതും പൊതുജനങ്ങളുടെ പ്രശംസയ്ക്കു് പാത്രമായിട്ടുള്ളതുമായ ഏകസ്ഥാപനം. ഈ സ്ഥാപനത്തിൽ ഒന്നാംതരം റോസ്‌വാട്ടർ, കലപ്പു് ഇല്ലാത്ത കർപ്പൂരം, ചന്ദനത്തിരികൾ പലതരത്തിലുള്ള പഴവർഗ്ഗങ്ങൾ, വാസനദ്രവ്യങ്ങൾ മിതമായ വിലയ്ക്കു് എപ്പോഴും ഇവിടെ കിട്ടുന്നതാണു്.

കെ. കുട്ടൻപിള്ള, ചാല സന്നതുമുക്കു്, തിരുവനന്തപുരം.

ഫലപ്രദമാണെന്നു കണ്ട കൃഷിസമ്പ്രദായങ്ങൾ എന്തുകൊണ്ടു നമുക്കും അംഗീകരിച്ചുകൂടാ? നമ്മുടെ നാട്ടിന്റെ ഭൂപ്രകൃതിക്കു യോജിക്കുന്ന രീതികളെ മാത്രമാണു ഞാൻ ഇവിടെ വീക്ഷിക്കുന്നതു്. സംസ്കാരികമൂല്യങ്ങൾക്കുവേണ്ടി മാത്രം ചെയ്യുന്ന ചിലവു് ചുരുക്കിയാലേ ഭക്ഷണപ്രശ്നം പരിഹരിക്കുവാൻ കഴിയുമെങ്കിൽ അതും ചെയ്യണമെന്നു ഞാൻ പറയും. ഏതു രാഷ്ട്രത്തിന്റെ വളർച്ചയിലും അത്രമേൽ പ്രധാന്യം അർഹിക്കുന്ന രണ്ടു കാര്യങ്ങളാണു ഭക്ഷണവും ആരോഗ്യവും. കൃഷിചെയ്യാതെ തരിശായിക്കിടക്കുന്ന നിലങ്ങൾ നമ്മുടെ നാട്ടിൽ ഉണ്ടാകരുതു്. അങ്ങനെയുള്ള നിലങ്ങൾ നമ്മുടെ നാട്ടിൽ ഗവൺമെന്റു ഏറെറടുത്തു് കൃഷിചെയ്കയോ, അല്ലെങ്കിൽ അവയുടെ ഉടമകളെക്കൊണ്ടു് നിർബന്ധപൂർവ്വം കൃഷിചെയ്യിക്കയോതന്നെ വേണം. നെല്ലുമാത്രം പോരാ കപ്പ തുടങ്ങിയ മററു ഭക്ഷണസാധനങ്ങളും കൃഷിചെയ്യണം. കപ്പകൃഷിക്കു തികച്ചും പററിയ സ്ഥലമാണല്ലോ തിരുവിതാംകൂർ. കപ്പ ആദായമുള്ള കൃഷിയുമാണു്. റേഷൻ ഷാപ്പുകളിൽ അരിയോടൊപ്പം കപ്പയും കൊടുക്കാനുള്ള ഏർപ്പാടു ചെയ്യാവുന്നതാണു്. ഭക്ഷ്യക്ഷാമം തീർക്കുവാൻ ഉപയോഗപ്പെടുത്താവുന്ന മറെറാരു ഉപാധി മത്സ്യമാണു്. വൻപിച്ച പല സാദ്ധ്യതകളും ഉൾക്കൊള്ളുന്ന ഒന്നാണല്ലോ മത്സ്യവ്യവസായം. മീൻപിടിത്തക്കാരെ ഇന്നു മദ്ധ്യവർത്തികൾ ചൂഷണം ചെയ്തുവരികയാണു്. ഈ ചൂഷണത്തിനു ഒരറുതി വരുത്തണം. അതെങ്ങനെ സാധിക്കാം? എറണാകുളം, കൊടുങ്ങല്ലൂർ, ആലപ്പുഴ, കൊല്ലം, വക്കല തുടങ്ങിയ കേന്ദ്രങ്ങളിൽ മീൻപിടിത്തക്കാരുടെ സഹകരണസംഘങ്ങൾ സ്ഥാപിക്കുക; അവർ പിടിക്കുന്ന മീൻ മുഴുവൻ ഗവൺമെന്റു വാങ്ങുക; മത്സ്യവിതരണത്തിനു വേണ്ട ഏർപ്പാടുകൾ ചെയ്യുക; ബാക്കിവരുന്ന മത്സ്യം കേടുവരാതെ സൂക്ഷിക്കുവാനുള്ള സാമഗ്രികൾ സംഭരിക്കുക; ഇങ്ങനെ പലതും ഗവൺമെന്റിനു ചെയ്യാവുന്നതാണു്.

ഡി. സി. സി. പ്രസിഡൻറു് ശ്രീ: സി. കേശവൻ ഈയിടെ ഇവിടെവന്ന അവസരത്തിൽ ഒരുതരം 'തണുപ്പറ' (Cooling Chamber) ഞാൻ അദ്ദേഹത്തിനു കാണിച്ചുകൊടുക്കുകയുണ്ടായി. ഒന്നിനു മൂവായിരമോ, നാലായിരമോ രൂപാ വില വരും. അതിൽ മൂന്നുതരം കള്ളറകളായി മൂന്നു ടൺ മത്സ്യം സൂക്ഷിക്കാവുന്നതാണു്. മത്സ്യം കയററി അയയ്ക്കുന്ന ലാറികളിൽ ഇത്തരം ചേമ്പറുകൾ ഘടിപ്പിക്കണം. ഇതിനെല്ലാംകൂടി ഗവൺമെന്റു ഒരു മൂന്നു ലക്ഷം രൂപാ ഇറക്കേണ്ടിവരും. എന്നാലും ചെയ്തുനോക്കേണ്ട ഒരു പരീക്ഷണമാണിതു്.

ഗവൺമെന്റു നാളതുവരെയും ഫലപ്രദമായയാതൊരു നടപടിയും എടുക്കാത്ത മറെറാരു തുറയുണ്ടു്. കള്ളച്ചന്ത! നിയന്ത്രണത്തോടൊപ്പം കള്ളച്ചന്തയും ഉടലെടുത്തിട്ടുണ്ടു്. കള്ളച്ചന്ത നടത്തി കൊള്ളലാഭമെടുക്കുന്ന ആൾക്കു് എന്തുകൊണ്ടു അങ്ങേ അററത്തെ ശിക്ഷതന്നെ ഗവൺമെന്റിനു നൽകിക്കൂടാ? ഇതിലും വലിയ രാജ്യദ്രോഹം ഉണ്ടോ. ഇത്തരം വഞ്ചകന്മാർക്കു് നിയമത്തിന്റെ പിടിയിൽപെടാതെ നിന്നു പോരുവാൻ, ഗവൺമെന്റു സൗകര്യം നൽകുന്നു. കരിഞ്ചന്തയും കൊള്ളലാഭവും കൺമുൻപിൽനിന്നു സംഹാരതാണ്ഡമുതിർക്കുന്നതു കൈകെട്ടിക്കണ്ടുകൊണ്ടിരിക്കുന്ന ഒരു ഗവൺമെന്റു ആപത്തുകളെ ക്ഷണിച്ചുവരുത്തുകയാണു ചെയ്യുന്നതു്.

യൂണിയന്റെ ഭക്ഷ്യനിലയെപ്പററി ശ്രീ: അബ്ദുള്ളാ ചെയ്ത പ്രസ്താവന കരിഞ്ചന്തയും കൊള്ളലാഭവും വർദ്ധിക്കുവാനാണു സഹായിച്ചിട്ടുള്ളതെന്നറിയുന്നു. കള്ളച്ചന്തയിൽ 14 അ

## ചെറുകഥ, "ദ്രോഹി"

(കേരളപുരം)

എൻെറ എന്തു രഹസ്യവും സ: പണിക്കരോടും ചെല്ലപ്പനോടും തുറന്നുപറയും. അവരിൽനിന്നു് ഒളിച്ചുവച്ചിട്ടുള്ള ഒരു കാര്യവും എന്നെ സംബന്ധിച്ചിടത്തോളം ഇല്ല.

"സിസിലിക്കു് ഒരെഴുത്തയച്ചാലെന്താ?" നേരംപോക്കു് പറഞ്ഞുകൊണ്ടിരുന്നതിനിടയിൽ ഞാൻ ചോദിച്ചു. മി. പണിക്കർ സിഗററു കത്തിക്കുന്നതിനിടയിൽ ചോദിച്ചു—

"എങ്ങനെയുള്ള കത്താണു്"

"ഒരു പ്രണയക്കത്തു്."

"ഒരു തരക്കേടും ഇല്ല. ഞാൻ അതങ്ങോട്ടു പറയണമെന്നു വിചാരിച്ചിരിക്കുകയായിരുന്നു." ഇടയ്ക്കു കയറി മി. ചെല്ലപ്പൻ പറഞ്ഞു. അദ്ദേഹം തുടൎന്നു, നിശ്ചയമായും അവൾ സുകുവിനെ സ്നേഹിക്കുന്നുണ്ടു്. അന്നു്, ആ സമരത്തിനിടയിൽ സുകുവിനെ അറസ്റ്റു ചെയ്തുകൊണ്ടുപോയില്ലേ? പരമാൎത്ഥത്തിൽ പിറേറന്നു രാവിലെ പുറപ്പെട്ട ജാഥയിൽ നേതൃത്വം വഹിച്ചതു് സിസിലിയായിരുന്നു എന്നു പറയാം. പോലീസ്സ്റ്റേഷൻെറ മുമ്പിൽവന്നു് "അറസ്റ്റ് ചെയ്ത സഖാവിനെ മോചിപ്പിക്കുക" "പോലീസ് മർദ്ദനം അവസാനിപ്പിക്കും" എന്നു മററുമുള്ള അവരുടെ ആവേശംപൂണ്ട വിളികൾ, പോലീസ്സുകാരുടെ ഹൃദയത്തുടിപ്പിനെപ്പോലും ഭേദിച്ചുകാണും. എന്തൊരുച്ചത്തിലായിരുന്നു. ഇടയ്ക്കൊന്നു ചോദിച്ചോട്ടേ! നിങ്ങൾ തമ്മിൽ ഇതിനുമുമ്പു വല്ല സ്നേഹവും.........ണ്ടേ! അദ്ദേഹം ചിരിയടക്കി. ആത്മാൎത്ഥസ്നേഹിതന്മാരായ ഞങ്ങൾക്കുപോലും, സിസിലിക്കുണ്ടായ ഹൃദയവേദനപോലെ സുകുവിൻെറ അറസ്റ്റിൽ ഇല്ലായിരുന്നു എന്നുതന്നെ പറയാം. എന്തായാലും ഒരു കത്തയച്ചുനോക്കണം മി. സുകു. പശുവിൻെറ കടിയും തീരും കാക്കയുടെ പശിയും തീരുമെന്നു പറഞ്ഞതുപോലെ ചിലപ്പോൾ അതിലെന്തെങ്കിലും നന്മയുണ്ടായേക്കും.

മി. ചെല്ലപ്പൻെറ നെട്ടങ്കൻപ്രസംഗം എൻെറ തീരുമാനത്തിനു് കുറേക്കൂടി ബലം നൽകി. ശരിയാണു് സിസിലി എന്നെ അധികമായി സ്നേഹിക്കുന്നുണ്ടു്. അതെന്തുതരത്തിലുള്ള

---

ണയ്ക്കു കിട്ടിയിരുന്ന അരിയുടെ വില, ഇതിൻെറ ഫലമായി, ഒരു രൂപാ നാലണയായിട്ടുണ്ടെന്നാണു് പറയപ്പെടുന്നതു്. ഉപകാരമില്ലെങ്കിലും ഉപദ്രവമില്ലാതിരുന്നാൽ മതിയായിരുന്നു. കള്ളച്ചന്തയും കൊള്ളലാഭവും നിറുത്തുവാൻ നിയന്ത്രണം എടുത്തുകളകയാണു വേണ്ടതെന്നു വാദിക്കുന്നവരുണ്ടു്. അതൊരു പ്രത്യേക ലേഖനത്തിനു വകയുള്ള വിഷയമായതുകൊണ്ടു് അതിനെപ്പററി ഒരഭിപ്രായം പറയുവാൻ ഞാൻ തല്ക്കാലം തുനിയുന്നില്ല. എന്തായാലും നാട്ടു സ്വയംസമ്പൂൎണ്ണമാക്കുവാനുള്ള രംഗം പ്രസംഗവേദികളും പത്രപംക്തികളുമല്ല, പാടങ്ങളും പറമ്പുകളുമാണെന്നു അധികൃതന്മാർ മനസ്സിലാക്കിയാൽ മതി.

ജ: കേ:

സ്നേഹമാണെന്നുള്ളതിലാണ് സംശയം. കാളേജിൽ എല്ലാവക്കും എന്തെന്നില്ലാത്ത ഒരു സന്തോഷമാണ് എന്നോട്. വിദ്യാർത്ഥികൾക്കു വേണ്ടി ഒട്ടധികം ത്യാഗം ഞാൻ അനുഭവിച്ചിട്ടുണ്ടെന്നാണു പൊതുവേ വയ്പ്. സിസിലി എന്നെ കാണുമ്പോഴൊക്കെ പുഞ്ചിരിക്കും. ആദ്യമൊന്നും ഞാൻ അതത്ര കാര്യമാക്കിയില്ല. ഈ വികാരം എന്നിൽ തലപൊക്കിയിട്ടുമില്ല. അവളുടെ ഭാവഹാവാദികൾ ഒരു സഹോദരിയുടേതെന്നു കരുതി ഞാൻ തള്ളിക്കളഞ്ഞു. നിശ്ചയമായും അതിന്റെ പിന്നിൽ അഗാധമായ ഒരുദ്ദേശം കാണാതിരിക്കുകയില്ല. ഒരൊന്നാംതരം പെണ്ണാണ് സിസിലി. "കാളേജ് ബ്യൂട്ടി" എന്ന് അവളെ വിദ്യാർത്ഥികൾ വിളിക്കുന്നത് കുറേ സങ്കുചിതമായിപ്പോയി എന്നാണ് എന്റെ അഭിപ്രായം. "ഭൂലോക ബ്യൂട്ടി" തന്നെയാണവൾ. കണ്ടാൽതന്നെ എങ്ങിനെ ഇരിക്കുന്നു. അധികം നീളമില്ലാതെ വെളുത്തു നേർത്ത ശരീരം. ആ പുറകോട്ടു വാരിയൊതുക്കിയ ചികുരഭാരം, ചുവപ്പു പൂശിയ ചുണ്ട്, കവിൾത്തടം, കറുപ്പിന്റെ കാളിമവ്യാപിച്ച് പരിവേഷം പൂണ്ട കണ്ണുകൾ, അംഗലാവണ്യത്തിനനുസരിച്ചു വേഷവിധാനം, എന്തിനു പറയുന്നു, അവളെ ഒരു നോക്കുകണ്ടാൽ ഞെട്ടിപ്പോകാത്ത ചെറുപ്പക്കാർ കാണുകയില്ല. അവളുടെ വരവും പ്രതീക്ഷിച്ച് നേരത്തെ ഗേററിൽ ഹാജരാകാറുള്ള, ഫുഷ്കോട്ടന്മാർ, മീശക്കാർ, കോപ്പാധാരികൾ, എന്നുവേണ്ട പലരും, പല വേഷക്കാരും ആദർശക്കാരും. അവരെ ഞാൻ കളിയാക്കിയിട്ടുണ്ട്. പക്ഷേ! ആ സൗന്ദര്യധാമത്തിന്റെ മുമ്പിൽ ആരാണ് അങ്ങനെ നിന്നുപോകാത്തത്. ഈ ലോകത്തുള്ള എല്ലാ വസ്തുക്കളും, അവൾക്കുവേണ്ടിയല്ലേ നിലനില്ക്കുന്നത്? സൗന്ദര്യം കൈക്കൊള്ളുന്നത്; എന്നുപോലും തോന്നിപ്പോകുന്നു. എന്തായാലും ഒരു ചൂണ്ടലിട്ടുനോക്കുകതന്നെ. നമ്മുടെ വയററെരണ്ടം പോലിരിക്കും. ഞാൻ വിചാരിച്ചു.

പ്രിയപ്പെട്ട സിസിലി,

ഞാൻ കത്തെഴുതാൻ തുടങ്ങി. മി. പണിക്കരും, ചെല്ലപ്പനും ഒത്തുനോക്കാനും.

ഇതൊരു തെററായിരിക്കാം. വാദത്തിനു വേണ്ടി ഞാൻ അതങ്ങു സമ്മതിക്കാം. ക്ഷോഭിക്കരുത്. സ്നേഹത്തോടുകൂടി പറയട്ടെ! സിസിലിയുടെ മുമ്പിൽ ഞാനൊരു പരിപാടി വയ്ക്കുകയാണ്. നമ്മുടെ ഭാവിയിലെ പണ്ടൊരു കാലത്തേയ്ക്കുവരെയുള്ളത്. എന്തെല്ലാം പറഞ്ഞാലും എത്ര ധൈര്യം കൊടുത്താലും, യജമാനനു പകരം അവിടത്തെ വേലക്കാരനെ കൊച്ചമ്മ ക്ഷണിച്ചാൽ അവനതു് വിശ്വസിക്കാൻ കഴിവില്ലാത്തതുപോലെയാണ് ഞാൻ സിസിലിയുടെ മുമ്പിൽ- ആ നോട്ടത്തിന്റെയും, പുഞ്ചിരിയുടെയും, പിന്നിൽ എന്റെ അഭിലാഷത്തിന്റെ സാദ്ധ്യത തങ്ങിനില്പുണ്ടെന്നു വിശ്വസിക്കട്ടെയോ? സിസിലിയോടുള്ള എന്റെ സ്നേഹം ഒരു കത്തിൽക്കൂടി പ്രകടമാക്കത്തക്കവിധം അത്ര ചുരുങ്ങിയതല്ല. സിസിലിയെ ഞാൻ എന്റെ ജീവിതസഖിയായി തീരുമാനിച്ചുകഴിഞ്ഞു. സിസിലി അറിയാതെ തന്നെ ആ സുന്ദരരൂപം ഞാൻ എന്റെ ഹൃദയത്തിന്റെ രഹസ്യതമമായ വശത്തുവച്ച് താലോലിക്കുന്നുണ്ട്. അതൊന്നും എന്റോമനയറിഞ്ഞിട്ടില്ലെങ്കിൽ അത് ഈ കത്തിൽക്കൂടിയറിയിക്കാൻ മാത്രമാണ് ഇതിന്റെ ഉദ്ദേശ്യം. നമുക്കു തമ്മിൽ


## പരസ്യനിരക്ക്

| | | | |
|---|---|---|---|
| ഒരു പ്രാവശ്യത്തേക്ക് | ഫുൾകവർപ്പേജ് | | 40—0— |
| ,, | അരപേജ് | ,, | 20—0— |
| ,, | കാൽപേജ് | ,, | 10—8— |
| ഒരിഞ്ച് കാളം | | | 2—0 \| |

കാണാം. ഉടനേതന്നെ നേരിട്ടു സംസാരിക്കാം.

എന്നു്,

ഭവതിയുടെ പ്രേമഗായകൻ

സുകു.

പിറേറന്നു രാവിലെ കാളേജിൽ വരുന്ന സിസിലിയുടെ മുഖത്തു നോക്കുവാൻ എനിക്കു വളരെ ഭയമായിരുന്നു. ഈ കത്തിന്റെ പ്രത്യാഘാതം എന്തെല്ലാം കോളിളക്കമാണുണ്ടാക്കിക്കൂട്ടാത്തതു്. അന്നു് കുറെ താമസിച്ചാണു് ഞാൻ ക്ലാസ്സിൽവന്നതു്. ചെല്ലപ്പനും പണിക്കരും നേരത്തെ വന്നിരുന്നു. യാതൊരു കുഴപ്പവുമുണ്ടായിട്ടില്ലെന്ന പൂർണ്ണബോധം വന്നപ്പോഴം ഞാൻ ക്ലാസ്സിൽ പ്രവേശിച്ചു. എന്നെ കണ്ട മാത്രയിൽ സിസിലിയുടെ മുഖം ഒരു ശൃംഗാരകുളിർമ്മയോടേ കനിഞ്ഞു. ഒരു പുഞ്ചിരി ആ ചുണ്ടുകളിൽ നൃത്തം ചെയ്തു. എനിക്കു സമാധാനമായി. എന്റെ ഹൃദയത്തുടിപ്പു് അവസാനിച്ചു. ഞാനറിയാതെതന്നെ എന്തോ സ്വർഗ്ഗീയസുഖത്തിലേയ്ക്കുയരുന്നതുപോലെ തോന്നി.

"ഇനിയൊന്നു സംസാരിക്കണം" അതാണു് പ്രേമത്തിന്റെ അടുത്ത പടി. മി: പണിക്കർ ഉപദേശിച്ചു, അന്നു വൈകുന്നേരം ഞാനും സിസിലിയെ അനുഗമിച്ചു. കാര്യം മനസ്സിലാക്കി വളരെ പണിപ്പെട്ടു സിസിലി, കൂട്ടുകാരിൽനിന്നും പുറകോട്ടു വലിഞ്ഞു എന്നെ സമീപിച്ചു. ഞാൻ ആദ്യമായിട്ടാണു് ഇങ്ങനെ ഒരു രംഗത്തു പ്രവേശിക്കുന്നതു്; പ്രണയരംഗത്തു്.

"എന്തിനാണു് എന്നെ കാണണമെന്നെഴുതിയിരുന്നതു്" ആടിക്കുഴഞ്ഞൊരു ചോദ്യം അവൾ എന്റെ നേക്കെറിഞ്ഞു. ഞാൻ ചുററുമൊന്നു നോക്കി. പലരും കടന്നുപോകുന്നു. ഞാനങ്ങു ചൂളിപ്പോയി. എങ്കിലും ഈ വാചകം അവളുടെ വായിൽനിന്നു വഴുതിവീണപ്പോഴേയ്ക്കു ഒരു കട്ട ഐസ്സു് വീണാലുള്ള തണുപ്പു് എന്റെ ഹൃദയത്തിനനുഭവപ്പെട്ടു.

"സിസിലിയുടെ അഭിപ്രായമെന്താണു്" ഞാൻ ചോദിച്ചു.

"ഏതു കാര്യത്തിലാ......?"

"എന്നെ വിഷമിപ്പിക്കരുതു്. ആ കത്തിനെപ്പററി"

"ഞാനെന്തു പറയാനാണു്"

"അതെന്താ......"

"ഉം..."

"ഞാൻ വിശ്വസിക്കട്ടെയോ?"

"എന്നാൽ എന്റെ ഭാഗ്യം"

"സി—സി—ലി......" റോഡാണെന്നു് ഞാൻ ഓർത്തില്ല. പെട്ടെന്നു ഞെട്ടിപ്പോയി.

"ഞാൻ പോകുന്നു; പിന്നെ കാണാം."

അവൾ നടന്നു. യുദ്ധത്തിൽ ജയിച്ച ഒരു യോധാവിനെപ്പോലെ, ജാഥയെ പിരിച്ചുവിട്ട ഒരു പോലീസ്സ് ഇൻസ്പെക്ടറെപ്പോലെ തലയുയർത്തി അഭിമാനത്തോടുകൂടി ഞാൻ ലാഡ്ജിലേയ്ക്കു നടന്നു ചെന്നു് വിവരങ്ങളെല്ലാം അവരെ ധരിപ്പിച്ചു. ഞങ്ങൾ മൂന്നുപേരും സന്തോഷിച്ചു.

പിന്നീടു് പലപ്പോഴും ഞങ്ങൾ കണ്ടുമുട്ടിയിട്ടുണ്ടു്. പലതും സംസാരിച്ചിട്ടുണ്ടു്. കാളേജിൽവച്ചുള്ള ഞങ്ങളുടെ കടാക്ഷവീക്ഷണങ്ങളിൽ ചിലക്കു് സംശയം ജനിച്ചു. അങ്ങിനെ അതു വിദ്യാർത്ഥികളുടെ ഇടയിൽ വല്ലാത്ത ചിന്താക്കുഴപ്പം സൃഷ്ടിച്ചു.

ഒരു ദിവസം രാവിലേ കാളേജിന്റെ മുൻവശത്തു് ഭിത്തിയിൽ കരിക്കൊണ്ടെഴുതിയിരിക്കുന്നു, "സിസിലിയും, സുകുവും" എന്നു്. എനിക്കു കോപമാണുണ്ടായതു്. എങ്കിലും ഒരഭിമാനമായിത്തോന്നി. അങ്ങനെ ഞങ്ങളുടെ പ്രേമത്തിന്റെ ചിഹ്നങ്ങൾ അവിടവിടെ കണ്ടുതുടങ്ങി: ക്ലാസ്സിന്റെ പുറകിൽ, ഡസ്കിന്റെ മുക

ശ്രീ കൃഷ്ണ വിലാസം ... മലയിൻകീഴ്

ളിൽ, എന്നുവേണ്ട സർവ്വത്ര. ഒരു ദിവസം മി: വസു യാതൊരു കാര്യവുമില്ലാതെന്നെ വിളിച്ചു ചോദിക്കുകയാണു്, എന്താ സുകു! സുഖംതന്നെയോ രണ്ടുപേക്കും എന്നു്. ഞാനെന്തു പറയാനാണു്. അങ്ങനെ, അങ്ങനെ, അതെല്ലാരിലും കാട്ടുതീപോലെ പടന്നുപിടിച്ചു. കാണുന്ന മുഖങ്ങളിലെല്ലാം ഞങ്ങളുടെ പ്രേമത്തെപ്പററിയുള്ള അസൂയയുടെ ചിഹ്നങ്ങൾ തെളിഞ്ഞുമിന്നി.

"ഇതാരു പറഞ്ഞുപരത്തി"

ഒരു ദിവസം ഞാൻ സിസിലിയോടു ചോദിച്ചു.

'ആരോ പറയട്ടെ! നമുക്കെന്താ"

"ഞാനും അതങ്ങനെതന്നെവച്ചു" ഞാൻ തുടന്നു—"സിസിലി, പിന്നെ! നമ്മളിങ്ങനെ കഴിഞ്ഞാൽ— ഇതുവരെയും നമുക്കു്.........

പിന്നീടെനിക്കു പറയാൻ തോന്നിയില്ല.

"കാളേജ് ജീവിതം കഴിയുന്നതുവരെ എൻെറ ശരീരത്തു തൊടാൻ ഞാൻ അനുവദിക്കുകയില്ല"

"ശ-രി-യാ-ണ്" ഞാൻ തലകുലുക്കി സമ്മതിച്ചു.

"അയ്യോ ഞാൻ ചുമ്മാതെ പറഞ്ഞതാ......"

"വേണ്ടാ സിസിലി വേണ്ടാ. സിസിലിയുടെ അപ്പനും—അമ്മയും—സഹോദരന്മാരും—അവർ—സിസിലിക്കൊരപകടം പിണഞ്ഞാൽ.........." വേണ്ടാ നമുക്കിതുപോലെ കുറേനാൾ കൂടി കഴിയാം. "നമസ്തേ" "നാളെ കാണാം" ഞാൻ നടന്നു.

* * * *

പലപ്പോഴും എന്നെ മി: ചെല്ലപ്പനും, പണിക്കരും കളിയാക്കും. "സുകു ഭാഗ്യവാനായിപ്പോയി എന്നു്" ഞാൻ അവരോടൊത്തു ചിരിക്കുകമാത്രം ചെയ്യും. മാസങ്ങൾ ഏതാണ്ടു മൂന്നുവരെ കഴിഞ്ഞു. അതിനിടയിൽ പലപ്പോഴും എന്നെ ക്ഷണിക്കുന്നതായി സിസിലി സൂചിപ്പിച്ചിട്ടുണ്ടു്, എന്നുമുള്ള സംസാരത്തിൽ.

"കാളേജ് ജീവിതം കഴിയുന്നതുവരെ ഇതു പാടില്ല. കാരണം രണ്ടുപേരുടേയും ഭാവി അപകടത്തിലാകും. തല്ക്കാലമുള്ള സ്വർഗ്ഗീയസുഖം ദൂരവ്യാപകമായ പല അനിഷ്ടസംഭവങ്ങളും ഉണ്ടാക്കിയേക്കും. ഞാൻ പറയും. ഞങ്ങൾ പിരിയും,

പതിവുപോലെ ഞങ്ങൾ മൂന്നുപേരും കൂടി കാളേജിലേക്കു തിരിച്ചു. ആദ്യം എഴുതിയിരുന്നതിൻെറ മുകളിൽ, ഭിത്തിയിൽ പെയിൻറു കൊണ്ടു്, ആരോ ഒരുവൻ എഴുതിയിരിക്കുന്നു, അതും വെണ്ടയ്ക്കാ ടൈപ്പിൽ.

സിസിലിക്കു് ഗർഭമുണ്ടു്

സുകു ഉത്തരം പറയണം" എന്നു്.

ഞങ്ങൾ ഞെട്ടിപ്പോയി. പണിക്കരും ചെല്ലപ്പനും മുഖത്തോടുമുഖം നോക്കി. എന്നിട്ടു് രണ്ടുപേരും എന്നെയും.

"ഹോ അസംബന്ധം" ഞാൻ പറഞ്ഞു അവിടെനിന്നും നടന്നു.

മി; ചെല്ലപ്പൻ ചോദിച്ചു.

"സുകു! വല്ല പരമാത്ഥവും ഉണ്ടോ?"

"ഛേ! വിഡ്ഢിത്തം" ഞാൻ പറഞ്ഞു. പിന്നീടു് അവരൊന്നും മിണ്ടിയില്ല.

സിസിലി വന്നു, എന്നെ ഒന്നു നോക്കി. അകത്തു കയറിക്കളഞ്ഞു; ഞാനും പോയി.

എന്നിട്ടു ഉച്ചയ്ക്കു് എന്നോടു പറയുകയാണു്—നമ്മുടെ വിവാഹം അങ്ങു നടത്താമെന്നു്. ഞാൻ അമ്പരന്നു; അവൾക്കു ഗർഭമുണ്ടു്. പരമാത്ഥമാണു്. ആ വയറു്, ആ വിളർച്ച, അതെല്ലാം ഞാൻ വ്യക്തമായി പരിശോധിച്ചു.

"സാദ്ധ്യമല്ല" ഞാൻ പറഞ്ഞു.

അവൾ അവിടെനിന്നും റോഡിലിറങ്ങി

## പ്രൈമറിവിദ്യാലയങ്ങളിലെ ഇംഗ്ലീഷുവിദ്യാഭ്യാസം

അഞ്ചാംക്ലാസ്സുവരെയുള്ള പ്രൈമറി വിദ്യാലയങ്ങളിലെ പരിതാപകരമായ ഇംഗ്ലീഷുവിദ്യാഭ്യാസത്തെക്കുറിച്ചു പല പരാതികളും ഇതിനകം ഡിപ്പാർട്ടുമെൻറു മേധാവികൾക്കു കിട്ടിയിട്ടുണ്ടായിരിക്കും. മിക്ക പ്രൈമറിവിദ്യാലയങ്ങളിലേയും 'ഒന്നാമരും' അഞ്ചാംക്ലാസ്സ് അദ്ധ്യാപകരും, പണ്ടത്തെ ഏഴാംക്ലാസ്സുകാരാണ് ആരോഗ്യരക്ഷയും കൃഷിശാസ്ത്രവുമെടുത്തു് 'കൊച്ചുമുറം' തട്ടിയെടുത്തിട്ടുള്ളവരാണ് അവരിൽ ഭൂരിപക്ഷവും. കടിച്ചാൽ പൊട്ടാത്ത സംസ്കൃതപദങ്ങൾ സാധാരണ സംസാരഭാഷയിൽ ഒരു ലോഭവും കൂടാതെ പ്രയോഗിച്ചു ശീലിച്ചിട്ടുള്ള വ്യാകരണ പട്ടക്കളാണ് മിക്കപേരും.

"ഇംഗ്ലീഷ്" എന്നു വച്ചാൽ നസ്യാരാശാൻെറ ഭാഷയിൽ "ഇംകിരിയസ്സാ"ണെന്നും, അതു നിഷിദ്ധഭാഷയാണെന്നും, സാക്ഷാൽ സംസ്കൃതം തന്നെ നമ്മുടെ ദേശീയഭാഷയായി തീരുമെന്നും വിദ്യാർത്ഥികളെ പറഞ്ഞു ധരിപ്പിക്കുന്നവരുണ്ടു്. ഇംഗ്ലീഷ് ഒരുതരം മാനുവൽ ട്രയിനിംഗാണെന്നു പഠിപ്പിക്കുന്നവരുണ്ടു്. ഫസ്റ്റ്ഫാറത്തിൽ പഠിക്കുന്ന സ്വന്തം കുഞ്ഞുങ്ങളോടു ചോദിച്ചു് അക്ഷരങ്ങൾ മനസ്സിലാക്കി, ചെറിയ അക്ഷരം ആദ്യവും വലിയ അക്ഷരം ഇടയ്ക്കും ചേർത്തു് എഴുതി പഠിപ്പിക്കുന്നവരുണ്ടു്. Can Man, Cat, Hat, എന്നീ പദങ്ങൾക്കു് ഒരേ ധ്വനിയിലുള്ള ഉച്ചാരണങ്ങൾ അഭ്യസിപ്പിക്കുന്നവരുണ്ടു്. "ഐ. എഫ്–ഇഫ്. എങ്കിൽ" ഇങ്ങിനെ എഴുതിക്കൊടുത്തു പഠിപ്പിക്കുന്നവരുണ്ടു്. 'എഫ്' ഉച്ചരിക്കുന്ന രീതി മനസ്സിലാക്കാൻ "തമ്പുരാൻെറ കുഞ്ചിയമ്മ"യോടഭ്യസിക്കാൻ ആലോചിക്കുന്നവരുണ്ടു്. ഇംഗ്ലീഷ് വശമുള്ള അദ്ധ്യാപകന്മാർ അത്തരം വിദ്യാലയങ്ങളിൽ ഒരു പക്ഷേ ഉണ്ടായിരുന്നാൽതന്നെയും, ഉയർന്ന ക്ലാസ്സിൽ ഒന്നാം വാദ്ധ്യാരുടെ അധികാരാതിർത്തിയിൽ, അവർക്കു് പ്രവേശിക്കുന്നതിനു അർഹതയില്ല. ഇങ്ങനെയുള്ള അനന്തന്മാരെ കൊണ്ടു പ്രൈമറി വിദ്യാലയങ്ങൾ ഇനിയും ദുഷിക്കാതിരിക്കണമെങ്കിൽ, പാട്ടും തയ്യലും ഖുറാനും, പഠിപ്പിക്കുന്നതിനു പ്രത്യേകം അദ്ധ്യാപകന്മാരെ നിയമിക്കുന്നതുപോലെ ഇംഗ്ലീഷു പഠിപ്പിക്കുന്നതിനും, പരീക്ഷായോഗ്യതയുള്ള ഒരു പ്രത്യേക അദ്ധ്യാപകനെ എല്ലാ പ്രൈമറി വിദ്യാലയങ്ങളിലും നിയമിച്ചുകാണുവാൻ ഇന്നത്തെ വിദ്യാഭ്യാസഡയറക്ടരെങ്കിലും ശ്രദ്ധ പതിപ്പിക്കുമെന്നു വിശ്വസിക്കട്ടെ!

---

ലാഡ്ജിലോട്ടു പോകുന്നതു കണ്ടു.

ആരോ മലിനപ്പെടുത്തിയ ആ ചാരിത്രത്തെ ഞാൻ സ്വീകരിക്കുക. അതു് കുറേ കഠിനമാണ്. ഞാൻ വാചകത്തിൽക്കൂടിയല്ലാതെ അവളോടൊന്നും പ്രവൃത്തിച്ചിട്ടില്ല. അതാരറിയും. എനിക്കു് സഹിക്കാൻ നിവൃത്തിയില്ലായിരുന്നു. പണിക്കരും ചെല്ലപ്പനും, എന്നെ സമീപിച്ചു.

"എന്തു പറഞ്ഞു സുകു" പണിക്കർ ചോദിച്ചു.

"സാദ്ധ്യമല്ല" ഞാൻ പറഞ്ഞു.

"സുകുവിനു് വേണ്ടേ സിസിലിയെ" ചെല്ലപ്പൻ മൗനം ഭഞ്ജിച്ചു.

"വേണ്ടാ" "ആരെയും വേണ്ടാ"

"ദ്രോഹി" പണിക്കർ പിറുപിറുത്തുകൊണ്ടു് ചെല്ലപ്പനെ നോക്കി.

"ദ്രോഹി" ചെല്ലപ്പൻ അതേറ്റു പറഞ്ഞു. രണ്ടുപേരും കോപത്തോടെ നേരേ പടിഞ്ഞാറോട്ടു് നടന്നു.

## ആരോഗ്യദായാനി വൈദ്യശാല

### ആററങ്ങൽ

അവനവഞ്ചേരിയിൽ ശ്രീ എൻ. വേലായുധൻ വൈദ്യൻ നാൽപതിൽപരം കൊല്ലങ്ങളായി നടത്തിവരുന്ന ആരോഗ്യദായനി വൈദ്യശാലയുടെ ഒരു ബ്രാഞ്ചു് കച്ചേരിനടയിൽ 125-ാമാണ്ടു് തുലാമാസം 15-ാംതീയതി സ്ഥലത്തുള്ള മിക്കവാറും ഉദ്യോഗസ്ഥരാലും, പൗരപ്രമുഖന്മാരാലും ഒരു ബ്രാഞ്ചു് തുറന്നിരിക്കുന്ന വിവരം പൊതുജനങ്ങളെ അറിയിച്ചുകൊള്ളുന്നു. ടി സ്ഥാപനത്തിൽ കാലപഴക്കം ചെന്നിട്ടുള്ളതും തീരാവ്യാധികളെന്നു് ബോദ്ധ്യമുള്ളതും ആയ അനവധി രോഗികളെ ആയുർവേദവിധിപ്രകാരമുള്ള ചികിത്സകൊണ്ടു് പരിപൂർണ്ണസുഖം പ്രാപിച്ചുപോയിട്ടുള്ളവരുണ്ടെന്നു അനവധി സാക്ഷ്യപത്രങ്ങൾ ഇതിനകം കിട്ടിക്കഴിഞ്ഞിട്ടുണ്ടെന്നുള്ളതു് ഞങ്ങൾക്കു് അറിയുവാൻ കഴിഞ്ഞിട്ടുണ്ടു്. ശ്രീ വൈദ്യരവർകൾക്കും വൈദ്യശാലയ്ക്കും ഞങ്ങളുടെ അകമഴിഞ്ഞ ആശംസ.

ഈ സുവർണ്ണാവസരം പാഴാക്കരുതെ!

ഇപ്പോൾ വന്നുചേർന്നിരിക്കുന്നു. ഏ. ക്ലാസ്സ്

പുകയില, സുക്കാ, ബീഡിഇല, സിഗരററ് തുടങ്ങിയ സാധനങ്ങൾ!

ബി. ലൈസ്സൻസ്

പ്രൊ. പ്രഭാകരൻ

കഴക്കൂട്ടം.

## തിരുവിതാംകൂറിലെ എൻ. ജി, ഒ. മാർ

തിരുവിതാംകൂർ സംസ്ഥാനം കൊച്ചിരാജ്യത്തെ സംബന്ധമലോചിച്ചപ്പോൾതന്നെ കൊച്ചീകന്യകയ്ക്കു് ആവശ്യമുള്ള ആഭരണങ്ങളെല്ലാം ഒരുക്കിത്തുടങ്ങി. വരന്റെ വീട്ടിൽചെന്നു ബുദ്ധിമുട്ടരുതെന്നോർത്തു് പല ജീവിതസൗകര്യങ്ങളും അവൾക്കു ഉണ്ടാക്കിക്കൊടുത്തു. അവയിലൊട്ടും അപ്രധാനമല്ലാത്ത ഒന്നാണു് അവിടത്തെ **N. G. O.** മാരുടെ സ്ഥിരപ്പെടുത്തൽ.

സംബന്ധത്തിന്റെ തലേ ദിവസം രാത്രിതന്നെ അവിടെയുള്ള സകല N, G O മാരെയും, അരമണിക്കൂർ നേരത്തെ സർവീസിലുള്ളവരെപ്പോലും, അര നിമിഷംകൊണ്ടു സ്ഥിരപ്പെടുത്തിക്കഴിഞ്ഞു. എന്നാൽ തിരുവിതാംകൂറിലാകട്ടെ, അൻപ്പത്തിഅഞ്ചു് തികഞ്ഞിട്ടാ, മുപ്പതുവർഷം സർവീസിലിരുന്നിട്ടും, അവർക്കു് സ്ഥിരലാവണം കൊടുത്തിട്ടില്ല, കൊടുക്കാനുദ്ദേശിക്കുന്നതായ। അറിവുമില്ല.

കൊച്ചി വിഭാഗത്തിൽ നിലവിലിരുന്ന പല നിയമങ്ങളും നടപ്പുകളും പരിഷ്കാരത്തിന്റെ പേരിൽ ഐക്യനാട്ടിൽ പകർത്തിയിട്ടുണ്ടു്. ഇങ്ങേഅററം സർക്കാർ ഗസററിന്റെ അച്ചടിരീതിപോലും ആത്മവല്ലഭയുടെ അഭിപ്രായത്തിനൊത്താക്കി. നവവധുവിനെ പല പ്രകാരത്തിലും സന്തോഷിപ്പിക്കുന്നതിനു സദാ ജാഗ്രതയും തിടുക്കവും കാണിക്കുന്ന ഭർത്താക്കന്മാർ പാവപ്പെട്ട തിരുവിതാംകൂർ എൻ. ജി. ഒ. മാരുടെ ന്യായമായ അവകാശസംരക്ഷണകാര്യത്തിൽ ചിററമ്മനയം പ്രകടിപ്പിക്കുന്നതു് അപലപനീയമാണു്.

ഐക്യനാട്ടിന്റെ സേവന നിയമാവലിയിൽ തീർച്ചയായും ഒരു സമീകരണമാവശ്യമാണു്. സർവീസിന്റെ കാലദൈർഘ്യം അളവുകോലാക്കി ആർക്കും അന്യായമെന്നുതോന്നാത്ത ഒരു സ്ഥിരപ്പെടുത്തൽ ആദ്യംമുതൽ നടത്തണമെന്നു ഞങ്ങൾ ഉൽബോധിപ്പിക്കുന്നു. അഴിച്ചുവാക്കുന്നതിൽ കൊച്ചിക്കാർ പുളിച്ച മുഖം കാണിച്ചേക്കാം. എങ്കിലും ന്യായം നടത്തുന്നതിൽ താൽപര്യമുള്ള ശ്രീ കുഞ്ഞുരാമന്റെ പബ്ലിക് സർവീസ് കമ്മിഷൻ ഇക്കാര്യം നിർഭയം, നിഷ്പക്ഷം ചിന്തിക്കുമോ.

**വരിസംഖ്യ എപ്പോഴും മുൻകൂർ**

"വികടകേസരി" രാഷ്ട്രീയവിനോദമാസികയ്ക്കു് ലേഖനങ്ങൾ അയക്കുന്ന മാന്യബന്ധുക്കൾ ഒരുവശത്തു് മഷികൊണ്ടു് വൃത്തിയായി എഴുതിഅയക്കേണ്ടതാണു്. രാഷ്ട്രീയമായ ഫലിതലേഖനങ്ങളും മികച്ച ലേഖനങ്ങൾക്കു് തക്കതായ പ്രതിഫലവും നൽകുന്നതാണു്. ലേഖനവും ന്യൂസും വ്യക്തിപരമായിരിക്കരുതു്. പേരും മേൽവിലാസവും നിർബന്ധമായി എഴുതിയിരിക്കണം, അല്ലാത്ത ലേഖനങ്ങളും ന്യൂസ്കളും ചേർക്കുന്നതല്ല. പത്രാധിപർ,

# നാട്ടുവർത്തമാനങ്ങൾ

**തിരുവനന്തപുരം**—പുന്നപുരം പ്രൈമറി സ്കൂളിൽ രാത്രികാലങ്ങളിൽ അദ്ധ്യയനം നടക്കുന്നെന്നു ഒരു പരാതി ബഹളം. മണക്കാട്ട് ശ്രീധരമഠം വൈദ്യൻെറ മാട്ടുവ്യാപാരം അതിന്നേക്കാൾ ബഹളം. തെക്കേക്കോട്ടയ്ക്കു വെളിയിലുള്ള ഒരു ചായക്കടയിൽ തയാറാക്കുന്ന എണ്ണപലഹാരത്തിൽ മതിലകം വിളക്കെണ്ണയുടെ ചുവ തട്ടുന്നതായി ഒരു ചായക്കട ബഹളം. നന്തൻകോട്ട്. ഒരു ജൌളിവ്യാപാരി ചിട്ടി നടക്കുമ്പോൾ ചിട്ടിക്കാറിൽനിന്നും തുണ്ടെഴുതി വാങ്ങിക്കുന്നതു് ആളുകളെ അപകടത്തിലാക്കാനാണെന്നു്—ചില ചിട്ടിക്കാരുടെ പരാതിബഹളം. മണക്കാട്ട് മി: നാരായണപണിക്കരുടെ ബി, ലൈസ്സൻസിൽ എല്ലാ സാധനവും വളരെ സഹായമാണെന്നു പറയുന്ന രഹസ്യം അന്വേഷണത്തിൽ. അട്ടക്കുളങ്ങര നീലകണ്ഠവിലാസം വൈദ്യശാലയിലെ അരിഷ്ടങ്ങൾ—ഒന്നാംതരമാണു്.

കററച്ചക്കോണം മുക്കിൽ ഒരു മൂത്രപ്പുര സ്ഥാപിക്കാത്തതിൽ യാത്രക്കാർക്കു് പല രോഗങ്ങളും പിടിപെടാൻ എളുപ്പമാണെന്നു്—പലരും പറഞ്ഞുനടക്കുന്നതായി ഒരു ബഹളം. പട്ടം സബ്‌രജിസ്ത്രാരുടെ ആഫീസ് സമയം ക്ലിപ്തപ്പെടുത്തിയിട്ടുണ്ടോ! സ്റ്റേററ്‌കാർ അനുവദിച്ചിട്ടുണ്ടോ!—പൊതുജനങ്ങളോടു പെരുമാറുന്നതെങ്ങനെ? പൂർണ്ണവിവരം അന്വേഷിച്ചു് അടുത്തതിൽ, ഗണേശവിലാസം ബ്രാഹ്മിൻസ് കാപ്പി ഹോട്ടലിലെ ഒരു വേലക്കാരിക്കു് ഉദരരോഗം പിടിപെട്ടിരിക്കുന്നതിൽ പരമാർത്ഥമുണ്ടോ? എന്നു് അന്വേഷിക്കട്ടെ! സലീം ടാക്കീസിൽ സ്ത്രീകളുടെ ടിക്കററ് വില്പനസ്ഥലത്തു് ബഹളം കാണിക്കുന്ന ചില ഗന്ധർവ്വന്മാർ പ്രൊ: അനുവാദത്തോടുകൂടിയാണെന്നു് പലരും പറയുന്നു. കുമാർ കേഫിൻെറ പ്രവർത്തനം പഴയതിലും മെച്ചംതന്നെ. ഹസ്സൻ മരക്കാറും, ലേഡീസ് സ്റ്റോർ ബന്ധവും ലേഖനവും വരുന്നു. ചാലയിൽ മി. മാധവൻതമ്പിയുടെ പാത്രക്കടയിൽ പുതിയതരം സാധനങ്ങൾ വന്നുചേർന്നിരിക്കുന്നു. ആര്യശാല വിശ്വനാഥ് വെണ്ണസ്റ്റോറിലെ ഒരു റാത്തൽ വെണ്ണ ഉരുക്കിയാൽ സൂക്ഷ്മം ഉരിയ കിട്ടുംപോലും. മാധവവിലാസം സൈക്കിൾഷാപ്പിൽ ഒന്നാംതരം സൈക്കിൾ സാമാനങ്ങൾ കിട്ടുന്നതാണു്. ആസാദ് ഹോട്ടൽ പുരോഗതിയിൽ. സാധുക്കളായ മോട്ടാർ ഉടമസ്ഥന്മാരിൽനിന്നുമൂന്നുമാസത്തേടാക്സി 1600 രൂപാ ഈടാക്കുന്നതു് കഷ്ടമാണു്. പേട്ടർകട രാഘവപണിക്കരുടെ വസന്താ ടെക്സ്റേറയിലും റീഷാപ്പിനും നല്ല ഭാവിയുണ്ടു്. കണ്ണാശുപത്രിയിലെ കമലസത്യനേശന്മാരുടെ കുസൃതികളും, കുശിനികശപിശയും അടുത്തതിൽ.

**ശംഖുമുഖം**—കണ്ണാംതുറനിന്നും രണ്ടു് യക്ഷികളുടെ സ്റേറഃറവ്യവിലെ സവാരിയും, പഴവങ്ങാടിയിൽ ഒരു ഗൃഹവാസവും കുഴപ്പമാകുമെന്നു ഒരു ബഹളം.

**ഉള്ളൂർ**—ദേവസ്വം "ശ്രീകാര്യം" ഒരു കുരുക്കൾ കുരുക്കുപണിയിൽ തന്നെ ആകാൻ ന്യായമുണ്ടെന്നും, അരി സ്ത്രീകൾവശം പട്ടംവഴി യാത്രയാണെന്നും മററും ഒരു ബഹളം.

**കുളത്തൂർ**—തൃപ്പാപ്പൂർ ക്ഷേത്രത്തിലെ തുലാമാസത്തിലെ, ഉത്സവം "ശ്രീകാര്യം" ശ്രീ

ഭാസ്കരപിള്ളയുടെ പരിശ്രമത്തിൽ വളരെ ഭംഗിയാക്കി നടത്തിയതിൽ നാട്ടുകാരുടെ അകമഴിഞ്ഞ ആശംസ.

കഴക്കൂട്ടം— പോലീസ് ഇൻസ്പെക്ടർ മി: ദേവരാജന്റെ ഭരണം പൊതുവേ തൃപ്തികരം. എ. പി. മെഡിക്കൽ ഫാറം പുരോഗമിച്ചുവരുന്നതിൽ നാട്ടുകാർക്ക് സന്തോഷമുണ്ട്. കണിയാപുരം ശ്രീ: ഇസ്മായിൽപിള്ള പരോപകാരിയാണ്. മി: മൈതീൻകുഞ്ഞിന്റെ ഫോറംസെയിൽ ഡിപ്പോയിൽ ഒന്നാംതരം സാധനങ്ങൾ കിട്ടുന്നതാണ്.

പോത്തൻകോട്— കാട്ടൂർ ദേവസ്വം ശ്രീകാര്യക്കാരും ഒരു നാണിയമ്മ പ്രേമവും അന്വേഷണത്തിൽ. മി: ബാലന്റെ സ്വർണ്ണാഭരണശാല മേൽക്കുമേൽ അഭിവൃദ്ധിപ്പെട്ടുവരുന്നു.

മുരുക്കുംപുഴ— ഈ. എം. സ്കൂളിനു ചുററുമുള്ള കാട്ടുകളെ ഇനിയെങ്കിലും വെട്ടിത്തെളിച്ചില്ലെങ്കിൽ പല കുട്ടികളെയും വിഷജീവികൾ സമീപിക്കുമെന്ന് മാനേജ്മെന്റിനെ ഓർമ്മപ്പെടുത്തുന്നു. ആറര മണിക്ക് വരുന്ന വിദ്യാർത്ഥിനികളെ ക്രൂക്കുവിളിക്കുന്ന പുവാലന്മാരെ അധികൃതർ ശ്രദ്ധിക്കണം. കറിനാംകുളത്തു മി: അബ്ദുഷാഹുമാൻപിള്ളയുടെകടയിൽ ഒന്നാംതര ഫെയർഓയലുകൾ കിട്ടുന്നതാണ്.

ആററങ്ങൽ—ഒരു എക്സൈസ് ശിപായി താൻ ഒരു ആഫീസറാണെന്നുള്ള ഭാവത്തിൽ പല സാധുക്കളായ സി. ലൈസൻസുകാരേയും ഭയപ്പെടുത്തിവരുന്നതായും മററും-ഇളമ്പയിൽ ഒരു ബഹളം.

കായംകുളം—കൊററുകുളങ്ങര ചുമ്മാ സ്കൂണിയന്റെ വെറും പ്രസിഡണ്ടാകാൻ ശ്രമിക്കുന്ന നേതാവിന്റെ ഹൈസ്കൂൾ അടത്തതിൽ. ക്യാപ്ററന്റെ കയറൊട്ടുപ്പു തരക്കേടില്ല. ഒരു മമ്പറിനെ കാണുന്നില്ലെന്നും എവിടെയാണെന്നന്വേഷിക്കണമെന്നും മററുമുള്ള ചില യോഗനിശ്ചയങ്ങൾ നന്നായിരിക്കുന്നു. പാപ്പൻസാറിന്റെ ചാത്തൻസേവയും കിഴക്കേവീട്ടുകാരെ പമ്പകടത്താനുള്ള ശ്രമവും മററും നല്ലതിനല്ല. മറത്തിച്ചന്തയിലെ നാലുമണിക്കുള്ള കെട്ടുകാഴ്ച ബഹുകേമം. കറുത്ത ശേരിപണിക്കൻ ഭാര്യാ കലഹംമൂലം ചെരയണ്ടതുതന്നെ ചെയ്തു. 'വികടകേസരി മാസിക' ഏജൻറ് മി. ഭാസ്കരൻ വശവും മറത്തിൽചന്തയിൽ മി: തങ്ങളുടെ സ്റേറഷനറിക്കടയിലും ലഭിക്കുന്നതാണ്.

നെടുമങ്ങാട്—താലൂക്കുകച്ചേരി-പ്രാസിക്യൂട്ടർ വില്യം ബഹളം അടത്തതിൽ. ബാബൂസ് തേയില സ്വാദുള്ളതാണ്. അംബിക റെസ്ററാറൻറ് രുചിക്കും, ശുചിക്കും മെച്ചം.

## റേഡിയോ പ്രോഗ്രാം

അഴതസ്റ്റേഷൻ, നവ. 13—

1. വെളുപ്പാൻകാലം 4-3-12/1-ന് പ്രാരംഭക്രുവൽ 10 ഊളന്മാർ.

2. പരപരാ വെളുക്കുമ്പോൾ 5-17-ന് കാവേരി-തൊളിക്കോടന്റെ കഴുത

3. 6-13-ന് ഗുസ്തി—സി. കേശവൻ—കുമ്പളം.

4. 8-ന് കുമ്മിയടി—ഡെററന്യൂക്കാർ പൂജപ്പുര ജയിലിൽ.

5. 8-30-ന് സഖാവ്-ബാലകൃഷ്ണന്റെ കല്ലൂട്ടാ പ്രസംഗം.

## കമ്പോളനിലവാരം

ക്ലോസിംഗ് മാക്കററ്, കറിനാംകുളം. നവ. 14

| | |
|---|---|
| പുന്നക്കാപ്പുരിപ്പ് കണ്ടിക്കൊക്ക് | 1270-12-0 |
| ഉണക്കഅയല കെട്ട് ഒന്നിനു് | 35- 0-6 |
| വെള്ളിനക്ഷത്രം സിനിമ തറഒന്നിന് | 0 -2-0 |
| കുരുമുളക് | നിശ്ചയിക്കാൻ നിവൃത്തിയില്ല. |
| പാച്ചുസാര ബ്ളാക്കുമാക്കററിൽ | 1- 1-6 |

# P. MADHAVAN THAMPY

**BRASS VESSEL MERCHANT**

**CHALAI : : : : TRIVANDRUM**

## ഒരിക്കൽ പരീക്ഷിക്കുക!

*Guaranteed Wares* *Fixed Price*

തലസ്ഥാനനഗരിയിൽ വ്യാപാരസങ്കേതമായ ചാല കമ്പോളത്തിൽ സ്ഥാപിച്ചിട്ടുള്ള ഞങ്ങളുടെ സ്ഥാപനത്തിൽ കുടിൽമുതൽ കൊട്ടാരംവരെ നിത്യ ഉപയോഗത്തിനു് ആവശ്യമുള്ള സകലതരം പാത്രങ്ങളും ഹോട്ടൽ ററീഷാപ്പ് മുതലായ സ്ഥാപനങ്ങൾക്കു് പ്രത്യേക രീതിയിൽ നിർമ്മിച്ചിട്ടുള്ളതും അനവധി പ്രശംസകളും മുദ്രകളും ലഭിച്ചിട്ടുള്ളതും ദീർഘകാലത്തേയ്ക്കു് പഴക്കം ചെയ്യുന്നതും ചെമ്പ്, പിച്ചള, ഓട് മുതലായ സാധനങ്ങൾകൊണ്ടു് നിർമ്മിച്ചിട്ടുള്ളതുമായ ഓട്ടുപാത്രങ്ങളും പ്രസന്റേഷനു് ആവശ്യമുള്ള എവർസിൽവർകൊണ്ടു് തയാറാക്കപ്പെട്ട സാധനങ്ങളും പരിപൂർണ്ണ ഉത്തരവാദിത്വത്തോടുകൂടി ഒരേ വിലയ്ക്കു് ഇവിടെ കിട്ടുന്നതാണു്.

പ്രൊ: പി. മാധവൻതമ്പി,

ചാലബസ്സാർ, തിരുവനന്തപുരം.

## കൊളമ്പിയ റെസ്റ്റാറൻറ്

ജനറൽ ആശുപത്രിമുക്ക്—തിരുവനന്തപുരം.

രോഗികൾക്കും, രോഗികളെ സന്ദർശിക്കുവാൻ വരുന്നവർക്കും അവരവരുടെ
ഇഷ്ടാനുസരണം പ്രസിദ്ധപ്പെട്ട പാചകരാൽ തയാറാക്കപ്പെടുന്നതും
ആയ ആഹാരപാനീയപദാർത്ഥങ്ങളും സ്പെഷ്യൽ റിക്കാഷൻ
കാപ്പി, ചായ, ഓവൽ, കൊക്കോ, ഓട്ട്സ്, ഐസ്ക്രീം, ഐസ്ഫ്രൂട്ട്
അലുവാ, കേക്ക്, ബിരിയാണി, മട്ടൺ, കട്ട്ലൈറ്റ് തുടങ്ങിയ
സാധനങ്ങൾ ശുചിത്വത്തോടുകൂടി കഴിക്കണമെന്നു
ള്ളവർ ഞങ്ങളെ സമീപിക്കുക.

പ്രൊ: B. M. ഫെർണാൻറീസ്.

സമീപിക്കുക!! എവിടെ?

ഉള്ളൂർമുക്കിന് സമീപം സ്ഥാപിച്ചിരിക്കുന്ന ഈ മഹൽസ്ഥാപനത്തിൽ ഒന്നാംതരം പുകയില, ബീടിഇല, സിഗററ്റ്, സുക്കാ, പല ഇനം സോപ്പുകൾ, ഓയിലുകൾ തുടങ്ങിയവ ആവശ്യമുള്ളവർ ഞങ്ങളെ സമീപിക്കുക.

പ്രൊ. എം. പരമേശ്വരൻ
ബി. ലൈസൻസി ഉള്ളൂർ.

ഇതാണ് നിങ്ങളുടെ സമയം!
വെയിലൂർ പകുതിയിലേക്ക് ആവശ്യമുള്ള
സി. ലൈസൻസുകാർക്ക് അവരവരുടെ
ഇഷ്ടാനുസരണമുള്ള പുകയിലകളും,
ബീടി ഇലകളും, സുക്കാ, സിഗര
റ്റ്, സോപ്പുകൾ എല്ലാം മിത
മായ വിലയ്ക്ക് ഇവിടെ
കിട്ടുന്നതാണ്.

മുരുക്കുംപുഴ, പ്രൊ: ശ്രീധരൻ & Co.

**രുചിക്കും ശുചിക്കും മെച്ചം!** **സന്ദർശിക്കുക!**

ആററങ്ങൽ മീനാംബികാ തിയേററിനു സമീപം പ്രശസ്തമായ
രീതിയിൽ നവീന ഉപകരണങ്ങളോടുകൂടി വിദഗ്ദ്ധപാചകക്കാരാൽ തയാറാക്ക
പ്പെടുന്നതുമായ പാനീയപദാർത്ഥങ്ങൾ യാത്രക്കാരുടെ സൗകര്യാർത്ഥം
സ്ഥാപിച്ചിട്ടുള്ളതുമായ ഞങ്ങളുടെ "അംബിക" വിലാസം
റെസ്റ്ററാറൻറിൽ ഒരു പ്രാവശ്യം സന്ദർശിച്ച്
സംതൃപ്തരാകുക!

## അംബിക വിലാസം റെസ്റ്റാറൻറ്

തിയേററിനു സമീപം — ആററങ്ങൽ.

പ്രൊ: പി. ശങ്കരൻനായർ.

തിരുവനന്തപുരം മുരുകൻ പ്രസ്സിൽ അച്ചടിപ്പിച്ച് ആർ. കൃഷ്ണൻനായർ ആററിങ്ങൽനിന്നും പ്രസിദ്ധപ്പെടുത്തുന്നത്.